# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുണ്ടേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ/ കെഎൻആർ /സി 6/1741/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയതി: 12/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/ കെഎൻആർ /സി 6/1741/23 തീയ്യതി: 12/12/2023

## കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2023 മുതൽ 07-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 17-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2023 | 17-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ എൻ..എം,ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഷ കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ എം,ഓഡിറ്റർ
ശ്രീ.ശ്രീനാഥ് വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനിഷ എ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാജൻ കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രിയ എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനശ്രീ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സോന എം കെ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.രാജേഷ് ടി ആർ | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ഡോ.മീന രാഘവൻ | മെഡിക്കൽ ഓഫീസർ(സിഎച്ച്സി) | 01-04-2022 | 31-03-2023 |
| ഡോ.വീണ പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.മഹിജ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 24-11-2022 |
| ശ്രീ.ജെസിൻ ടികെ | അസിസ്റ്റന്റ് സെക്രട്ടറി | 25-11-2022 | 31-03-2023 |
| ശ്രീ.ടി.കൃഷ്ണ പ്രസാദ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.പത്മരാജ് | വെറ്റിനറി സർജൻ | 01-04-2022 | 16-08-2022 |
| ഡോ.ക്രസ്റ്റീന ജോൺ | വെറ്റിനറി സർജൻ | 17-08-2022 | 01-10-2022 |
| ഡോ.വിഷ്ണു പ്രിയ | വെറ്റിനറി സർജൻ | 02-10-2022 | 31-03-2023 |
| ശ്രീ.ഹരീന്ദ്രൻ കൊയിലോടൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.സുജിത്ത് പി | വി.ഇ.ഒ(മുണ്ടേരി സർക്കിൾ) | 01-04-2022 | 31-08-2022 |
| ശ്രീമതി.സീമ.ഇ | വി.ഇ.ഒ(മുണ്ടേരി സർക്കിൾ) | 01-09-2022 | 12-10-2022 |
| ശ്രീമതി.ഷിംന.കെ | വി.ഇ.ഒ(മുണ്ടേരി സർക്കിൾ) | 13-10-2022 | 31-03-2023 |
| ശ്രീമതി.സീമ.ഇ | വി.ഇ.ഒ(കാഞ്ഞിരോട് സർക്കിൾ) | 01-04-2022 | 15-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ഷിംന പവിത്രൻ | വി.ഇ.ഒ(കാഞ്ഞിരോട് സർക്കിൾ) | 17-10-2022 | 31-03-2023 |

16-10-2022 ന് വി.ഇ.ഒ(കാഞ്ഞിരോട് സർക്കിൾ) തസ്തിക ഒഴിവ്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് , കളക്ഷൻ ,ബാലൻസ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക – ഡിമാന്റ് , കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിവരങ്ങൾ ബി- 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | Capital Contribution (B-3 ഷെഡ്യൂൾ) ഇനത്തിൽ തൻ വർഷം കൂട്ടിചേർത്ത പ്രവൃത്തികളുടെ വിവരം ലഭ്യമല്ല. | 1-1-6 |
| 8 | Value Added Tax ഇനത്തിൽ ₹50625 ഒടുക്കാൻ അവശേഷിക്കുന്നു. | 1-1-7 |
| 9 | ഓഫീസ് വാഹനത്തിന്റെ മൂല്യം കണക്കാക്കിയത് ശരിയല്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | ടെണ്ടർ ഫോറം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം. | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി -വിശദാംശങ്ങൾ | 1-6-1 |
| 18 | മെറ്റീരിയൽ പ്രവൃത്തി-ജി എസ് ടി ഈടാക്കിയില്ല | 1-6-2 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകങ്ങൾ. | 1-7-1 |
| 21 | ക്യാഷ് ബാലൻസ് | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | ഗ്രാമസഭ | 1-10 |

| | | |
|---|---|---|
| 24 | 60 ച.മീ. ന്റ മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ/കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി. | 1-11 |
| 25 | അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല | 1-12 |
| 26 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-13 |
| 27 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല. | 1-14 |
| 28 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകം | 1-15 |
| 29 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-16 |
| 30 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്. | 1-17 |
| 31 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ. | 1-18 |
| 32 | മുഴുവൻ മരുന്നുകളും ലഭ്യമായില്ല-1,63,088/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 33 | പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകൽ പ്രോജക്റ്റ്- പട്ടികജാതിയിൽ പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചു. | 1-20 |
| 34 | ലൈഫ് പദ്ധതി- ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-21 |
| 35 | കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ധനസഹായം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 100000 രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 36 | തനത് വരുമാനം- പൊതു അവലോകനം | 1-23 |
| 37 | എസ് എസ് കെ വിഹിതം നൽകൽ - മാർഗ്ഗ രേഖ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-24 |
| 38 | പൊതു കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ₹63000 തടസ്സപ്പെടുത്തുന്നു | 1-25 |
| 39 | വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ₹20,23,637 തടസ്സപ്പെടുത്തുന്നു | 1-26 |
| 40 | നിലവിലുള്ള ഇലക്ട്രിക്ക് പോസ്റ്റുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹1920812 തടസ്സപ്പെടുത്തുന്നു. | 1-27 |
| 41 | പ്രേരകുമാർക്ക് ഹോണറേറിയം ഇനത്തിൽ അനുവദിച്ച ₹59784 തിരികെ ലഭിച്ചിട്ടില്ല | 1-28 |
| 42 | അങ്കണവാടി പോഷകാഹാരം - സ്റ്റോക്കിലേയും വിതരണത്തിലേയും അപാകങ്ങൾ- 74,724/- രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 43 | കേരളോത്സവം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹53833 | 1-30 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 44 | ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ₹37,428 തടസ്സപ്പെടുത്തുന്നു | 1-31 |
| 45 | സാന്ത്വന പരിചരണ പരിപാടി -ഉപകരണങ്ങൾ ലഭ്യമായിട്ടില്ല - ₹40,210 തടസ്സപ്പെടുത്തുന്നു | 1-32 |
| 46 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. - ₹67911 തടസ്സപ്പെടുത്തുന്നു. | 1-33 |
| 47 | മുറ്റത്തൊരു മീൻതോട്ടം - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല.₹80,000 തടസ്സപ്പെടുത്തുന്നു | 1-34 |
| 48 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- രേഖകൾ ലഭ്യമാക്കിയില്ല- 16,592/- രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 49 | സർക്കാർ നിർദ്ദേശം പാലിക്കാതെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് ഫണ്ട് ഉപയോഗിച്ച് വെള്ളക്കരം അടവാക്കി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - 4,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-36 |
| 50 | വാഹന വാടകഅനുവദിക്കൽ-ആദായ നികുതി കുറവുചെയ്തില്ല | 1-37 |
| 51 | മരാമത്തു പ്രവൃത്തി-പിഴ ഈടാക്കിയില്ല | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | 4-11 |

| അനുബന്ധം | |
| --- | --- |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മുണ്ടേരി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 04-07-2023 തീയതിയിലെ *138/2023* നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 04-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,

12.12.2023.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി-1 ഷെഡ്യൂൾ ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9888590 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹360044 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് , കളക്ഷൻ ,ബാലൻസ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-4 കെട്ടിടങ്ങളിൽ നിന്നുള്ള വാടക - ഡിമാന്റ് , കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല

ഐ-3 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് ₹74562 ആണ്. എന്നാൽ ആർപി-45 പ്രകാരം ₹88062 ആണ് കളക്ഷൻ. വ്യത്യാസം ₹13500. ടി തുക അഡ്വാൻസ് കളക്ഷൻ ആയി ആർപി-35, ബി-9 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിവരങ്ങൾ ബി- 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നല്കിയതിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിലും അഡ്വാൻസ് രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. & പേര് | ഡെപ്പോസിറ്റ് ചെയ്ത തുക (₹) | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 1 | 12/23, നിലവിലുള്ള ഇലക്ട്രിക്ക് പോസ്റ്റുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 1920812 | കെ.എസ്.ഇ.ബി |
| 2 | 20/23, വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 2023637 | |
| | ആകെ | ₹39,44,449 | |

## 1-1-6 Capital Contribution (B-3 ഷെഡ്യൂൾ) ഇനത്തിൽ തൻ വർഷം കൂട്ടിചേർത്ത പ്രവൃത്തികളുടെ വിവരം ലഭ്യമല്ല.

Capital Contribution (B-3 ഷെഡ്യൂൾ) ഇനത്തിൽ തൻ വർഷം കൂട്ടിചേർത്ത ₹9349718 ടെ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-1-7 Value Added Tax ഇനത്തിൽ ₹50625 ഒടുക്കാൻ അവശേഷിക്കുന്നു.

B-9 ഷെഡ്യൂളിൽ നിലവിൽ പ്രാബല്യത്തിൽ ഇല്ലാത്ത Value Added Tax ൽ ഒടുക്കാൻ ബാക്കിയുള്ള തുകയായി ₹50625 രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-8 ഓഫീസ് വാഹനത്തിന്റെ മൂല്യം കണക്കാക്കിയത് ശരിയല്ല

ഓഫീസ് വാഹനത്തിന്റെ മൂല്യമായി കണക്കാക്കിയത് ₹4469 ആണ്. മുൻ വർഷത്തിലും ഇതേ തുകയാണ് മൂല്യമായി കാണിച്ചത്. നിലവിലുള്ള ഓഫീസ് വാഹനത്തിന് 14 വർഷത്തെ കാലപഴക്കം ഉള്ളതിനാലാണ് പ്രസ്തുത തുക വാഹനത്തിന്റെ മൂല്യമായി കണക്കാക്കിയതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

### 1-1-9 ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

തൻവർഷം സൃഷ്ടിച്ച ആസ്തികൾ ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-10 ടെണ്ടർ ഫോറം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

RP-5 Sale Of Tender Form ഇനത്തിൽ ₹175381 വരവുണ്ട്. ടെണ്ടർ ഫോറം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-2 ബജറ്റ്

മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 26-03-2022ലെ 64/2022 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 28-02-2023 ലെ 27/2023 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 49463145 | 40797902 |
| വരവ് | 213790954 | 250001763 |
| ആകെ | 263254099 | 290799665 |
| ചെലവ് | 253952300 | 273533943 |
| നീക്കിയിരിപ്പ് | 9301799 | 17265722 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 38121790 |
| വരവ് | 63699822 |
| ആകെ | 101821612 |
| ചെലവ് | 53811232 |
| നീക്കിയിരിപ്പ് | 48010380 |
| വരവിനങ്ങളിലെ നഷ്ടം | നിർണ്ണയിച്ചിട്ടില്ല |
| ചെലവിനങ്ങളിലെ നഷ്ടം | നിർണ്ണയിച്ചിട്ടില്ല |
| തടസ്സപ്പെടുത്തിയ തുക | 5116235 |

### 1-4 ഫണ്ട് വിനിയോഗം

<table>
<tr><th colspan="2">ഇനം</th><th>മുന്നിരിപ്പ്</th><th>വരവ്</th><th>ആകെ</th><th>ചെലവ്</th><th>നീക്കിയിരിപ്പ്/ ലാപ്സായ തുക</th></tr>
<tr><td colspan="2">വികസന ഫണ്ട് (പൊതു വിഭാഗം)</td><td>-</td><td>24867000</td><td>24867000</td><td>22139055</td><td>2727945</td></tr>
<tr><td colspan="2">വികസന ഫണ്ട് (എസ് സി പി)</td><td>-</td><td>2801905</td><td>2801905</td><td>2801905</td><td>0</td></tr>
<tr><td colspan="2">മെയിന്റനൻസ് ഗ്രാന്റ് (റോഡ്)</td><td>-</td><td>10502500</td><td>10502500</td><td>4629760</td><td>5872740</td></tr>
<tr><td colspan="2">മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)</td><td>-</td><td>6621000</td><td>6621000</td><td>4859716</td><td>1761284</td></tr>
<tr><td rowspan="2">കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്)</td><td>ട്രഷറി</td><td>-</td><td>317979</td><td>317979</td><td>287708</td><td>30271</td></tr>
<tr><td>ബാങ്ക്</td><td>528406</td><td>4268634 (പലിശ ഉൾപ്പെടെ)</td><td>4268634</td><td>4797058</td><td>-18 *</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ട്രഷറി | - | 4074416 | 4074416 | 2251141 | 1823275 |
| | ബാങ്ക് | 5079677 | 6028000 | 11107677 | 6183069 | 4924608** |
| ടി എസ് സി | | 80000 | 0 | 80000 | 0 | 80000 |
| ഐസിഡിഎസ് | | 1210871 | 2079776 | 3290647 | 422455 | 2868192 |
| സാക്ഷരത | | 79170 | 2281 | 81451 | 0 | 81451 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ | | 0 | 268341 | 268341 | 51315 | 217026 |
| ഹെൽത്ത് ഗ്രാന്റ് - ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രോഗ്രാം | | 0 | 136927 | 136927 | 74999 | 61928 |
| ശുചിത്വ മിഷൻ | | 502669 | 0 | 502669 | 102569 | 400100 |
| മറ്റ് ബാധ്യതകൾ | | 111493 | 33334 | 144827 | 59684 | 85143 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - വികസന ഫണ്ടോ സംസ്ഥാനാവിഷ്കൃത ഫണ്ടോ അല്ലാത്തത്) - (ലൈഫ് മിഷൻ) | | 692311 | 2300000 | 2992311 | 1060000 | 1932311 |
| മറ്റ് സർക്കാർ ഏജൻസികൾ -കുടുംബശ്രീ | | 797943 | 0 | 797943 | 122674 | 675269 |
| വെൽഫെയർ ബോഡീസ്-ക്യാപ്പിറ്റൽ (ആശ്രയ ഹൗസിംഗ്) | | 350849 | 0 | 350849 | 0 | 350849 |
| മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ക്യാപ്പിറ്റൽ | | 207844 | 0 | 207844 | 0 | 207844 |
| സ്വച്ഛ്ഭാരത്അഭിയാൻ (റൂറൽ & അർബൻ) | | 0 | 496590 | 496590 | 496590 | 0 |

*കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) ബി-4 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഇല്ല. എന്നാൽ ബന്ധപ്പെട്ട പ്രോജക്ട് പരിശോധനയിൽ ₹18 അധികം ചെലവഴിച്ചിട്ടുണ്ട്.

**കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ₹4924608 ആണ്. എന്നാൽ ബി-17, ആർ പി-40 (ബി) പ്രകാരം ₹4924578 ആണ്. ₹30 ടെ വ്യത്യാസം വന്നിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 205 | 138 | 115 | 23 | 67 | 56.1 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 36 | 20 | 14923290 | 9283089 | 62.21 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 11 | 1597723 | 992993 | 62.15 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 84 | 47 | 40183792 | 17832356 | 44.38 |

| | | | | | | |
|---|---|---|---|---|---|---|
| 4 | കൃഷി ഓഫീസർ | 7 | 7 | 6554700 | 5206914 | 79.44 |
| 5 | വി.ഇ.ഒ. | 28 | 23 | 23901363 | 13298972 | 55.64 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 9 | 8 | 2932573 | 1966172 | 67.05 |
| 7 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 1100000 | 1100000 | 100 |
| 8 | വെറ്റിനറി സർജ്ജൻ | 5 | 4 | 1404800 | 654800 | 46.61 |
| 9 | ICDS സൂപ്പർവൈസർ | 11 | 10 | 9350865 | 7323139 | 78.32 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 800000 | 610000 | 76.25 |
| 11 | ഹെഡ് മാസ്റ്റർ | 6 | 3 | 882428 | 651261 | 73.8 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 80000 | 80000 | 100 |
| | ആകെ | 205 | 138 | 103711534 | 58999696 | 56.89 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1509 | 968472 (പലിശ ഉൾപ്പെടെ) | 969981 | 965270 | 4711 |
| തൊഴിലാളികളുടെ കൂലി (സാധന സാമഗ്രികൾ ഉൾപ്പെടെ) | 0 | 36914237 | 36914237 | 36914237 | 0 |
| ആകെ | 1509 | 37882709 | 37884218 | 37879507 | 4711 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി -വിശദാംശങ്ങൾ

1. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ.

| വർഷം | ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) |
|---|---|---|---|
| 2022-23 | 624 | 178 | 154 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം 2022-23

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 242 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4254 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 898 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 556 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 95.76 |

| | | |
|---|---|---|
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 73166 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 0 |

3. എസ്. സി / എസ്. ടി പങ്കാളിത്തം

| വർഷം | പഞ്ചായത്തിലെ ആകെ എസ് സി/ എസ് ടി കുടുംബങ്ങൾ | | രജിസ്റ്റർ ചെയ്ത എസ്.സി/ എസ് ടി കുടുംബങ്ങൾ | |
|---|---|---|---|---|
| | എസ് സി | എസ് ടി | എസ് സി | എസ് ടി |
| 2022-23 | 280 | 0 | 279 | 0 |

## 1-6-2 മെറ്റീരിയൽ പ്രവൃത്തി-ജി എസ് ടി ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ ചുവടെ ചേർത്ത മെറ്റീരിയൽ പ്രവൃത്തികളിൽ നിന്ന് ജി.എസ്.ടി വിഹിതം ഈടാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ പേര് | എം.ബുക്ക് നമ്പർ, കരാറുകാരന്റെ പേര് | എസ്റ്റിമേറ്റ് തുക (₹) | പ്രവൃത്തി മൂല്യം (₹) | മെറ്റീരിയലിന് ചെലവഴിച്ച തുക (₹) |
|---|---|---|---|---|
| വാർഡ് 16ലെ കമാൽപീടിക അംഗൻവാടി റോഡ് നിർമ്മാണം (RC/346113) | 52/22-23 ശ്രീ.എം പി ഷംസുദ്ദീൻ | 486176 | 481175 | 300485 |
| വാർഡ് 16ലെ ഐടി ചെറു വന്താൽ റോഡ് സംരക്ഷണം (RC/346109) | 51/22-23 ശ്രീ.കെ.പി ബിജു | 499968 | 494867 | 309093 |
| വാർഡ് 16ലെ വീനസ് ക്ലബ്ബ് കെവി സജ്ന റോഡ് സംരക്ഷണം (RC/358065) | 76/22-23 ശ്രീ.എം പി ഷംസുദ്ദീൻ | 471285 | 465435 | 298998 |

ജിഎസ് ടി വിഹിതം ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.07/13-11-23) മറുപടിയിൽ സാധനം സപ്ലൈ ചെയ്തതിന്റെ ബിൽ MISൽ Enter ചെയ്യുമ്പോൾ നിലവിൽ ജി.എസ്.ടി. വിഹിതം ഈടാക്കുന്നതിനുള്ള സൗകര്യം MISൽ ലഭ്യമല്ലായെന്നും, MIS മുഖാന്തിരം നടക്കുന്ന പ്രക്രിയ ആയതിനാൽ പഞ്ചായത്തിൽ നിന്നും ജി.എസ്.ടി. ഈടാക്കാൻ സാധിക്കുന്നില്ല എന്നും അറിയിച്ചു. ഇക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ജി.എസ്.ടി. ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 413 | 6038600 |
| വിധവാ പെൻഷൻ | 1502 | 20686000 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 3021 | 39798000 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 409 | 5974400 |
| അവിവാഹിത പെൻഷൻ | 218 | 2965800 |
| വിവാഹ ധനസഹായം | 13 | 390000 |
| തൊഴിൽരഹിത വേതനം | 12 | 7200 |

## 1-7-1 ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകങ്ങൾ.

1. മരണശേഷവും പെൻഷൻ തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഭാസ്കരൻ കെ | 111430202469 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26/12/2022 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | രാമകൃഷ്ണൻ ഇരിങ്ങ | 111430203227 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23/02/2023 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

2. ഒരു ഗുണഭോക്താവിന് രണ്ട് ക്ഷേമപെൻഷനുകൾ അനുവദിച്ചു .

ഗ്രാമ പഞ്ചായത്തിലെ ഡെത്ത് രജിസ്റ്ററും സേവന വെബ്സൈറ്റും പരിശോധിച്ചതിൽ 20.01.2023 ന് മരണപ്പെട്ട ശാരദ പി ആർ എന്ന ഗുണഭോക്താവിന്(ആധാർ നം. 523415999925) 2022 നവംബർ മാസം വരെ കർഷക തൊഴിലാളി പെൻഷൻ ഇനത്തിലും ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഇനത്തിലും തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | പെൻഷൻ തുക | അക്കൗണ്ട് മോഡ് | പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | ശാരദ പി ആർ | 111430100358 | കർഷക തൊഴിലാളി പെൻഷൻ | 1600 | ഡയറക്റ്റ് റ്റു ഹോം | സസ്പെൻഡഡ് |
| 2 | | 111430202150 | ഇന്ദിരാ ഗാന്ധി | 600 | ഡയറക്റ്റ് റ്റു | സസ്പെൻഡഡ് |

| | | | | | | |
|---|---|---|---|---|---|---|
| | | | ദേശീയ വാർദ്ധക്യകാല പെൻഷൻ | | ഹോം | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/16.11.2023) മറുപടിയായി ഗുണഭോക്താക്കളുടെ അവകാശികൾക്ക് അറിയിപ്പ് നൽകി അധികമായി അനുവദിച്ച തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ മേൽ പരാമർശിച്ചത് പ്രകാരം രണ്ട് ക്ഷേമപെൻഷനുകൾ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കളുണ്ടെന്ന് കാണാൻ സാധിച്ചു. ഇത്തരത്തിൽ ഒരു ഗുണഭോക്താവിന് രണ്ട് ക്ഷേമപെൻഷനുകൾ അനുവദിച്ചത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും ഇത്തരത്തിൽ തുക അനുവദിക്കുന്ന മറ്റ് ഗുണഭോക്താക്കളെ കണ്ടെത്തി ഒരു പെൻഷൻ നിർത്തലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ.ഉ.(എം.എസ്.) 97/20/ധന/23.09.20 ഖണ്ഡിക 5ൽ പരാമർശിച്ചിട്ടുള്ള രണ്ട് പെൻഷൻ നൽകേണ്ടി വരുന്ന സാഹചര്യം ഇക്കാര്യത്തിൽ ബാധകമല്ലെങ്കിൽ രണ്ടാമത് കൈപ്പറ്റിയ 600/- രൂപ തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.23ന് രാവിലെ 11.45 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,147/- രൂപ (ഇംപ്രസ്റ്റ് തുക 200/- രൂപയ്ക്ക് പുറമെ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചു കൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിരുന്നു. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ (ജോലി വിഭജന രേഖയിൽ) വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് വഴിയുള്ള ഫയൽ പ്രൊസസിങ്ങിലുള്ള പുരോഗതി വിലയിരുത്തുകയും തീർപ്പാക്കാത്ത ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

2022-23 സാമ്പത്തിക വർഷം മുണ്ടേരി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും 05/22, 08/22 (08/22ൽ രണ്ടു തവണ), 01/23 മാസങ്ങളിലായി 4 തവണ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട്, വികസന രേഖ അംഗീകരിക്കൽ, 2021-22ലെ ഗുണഭോക്തൃ പട്ടിക സാധൂകരണം, വരവു ചെലവു കണക്കുകൾ അവതരിപ്പിക്കൽ, വാതിൽപ്പടി സേവന പദ്ധതി അവലോകനം, 2022-23 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, മഴക്കാല പൂർവ്വ ശുചീകരണം, പ്ലാസ്റ്റിക്ക് വിമുക്ത ഗ്രാമം, ഹരിത കർമ്മസേന പ്രവർത്തനാവലോകനം, വിമുക്തി- ലഹരി വിരുദ്ധ ബോധവൽക്കരണം, സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം, ലൈഫ് 2020 അന്തിമ മുൻഗണനാ പട്ടിക അംഗീകരിക്കൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജി ഐ എസ് ആക്ഷൻ പ്ലാൻ അപാകത പരിഹരിച്ച് അംഗീകരിക്കൽ, അഡീഷണൽ ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 23-24 വാർഷിക പദ്ധതി രൂപീകരണം, സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റ് അംഗീകരിക്കൽ എന്നിവയായിരുന്നു പ്രധാന അജണ്ട.സിറ്റിസൺ പോർട്ടൽ പരിചയപ്പെടുത്തൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ലേബർ ബജറ്റ് (2022-23 വർഷം), ആക്ഷൻ പ്ലാൻ അംഗീകരിക്കൽ എന്നിവയും നടന്നു.

## 1-11 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ/കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി.

സ.ഉ(എം.എസ്.)നം.358/2015/ത.സ്വ.ഭ.വ. തി:16.12.2015 പ്രകാരം 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള എല്ലാ

വാസഗൃഹങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതും ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതുമാണ്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പാർപ്പിടാവശ്യം/വീട് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയ കെട്ടിടങ്ങൾ 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയാണെങ്കിലും വസ്തു നികുതി ഡിമാൻഡ് ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട ഉടമസ്ഥന്റെ പേര് | വാർഡ് നം. | കെട്ടിട നം. | പ്ലിൻത് ഏരിയ (ച.മീ.) | ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | നരിച്ചൻ യശോദ | 2 | 66 | 65 | പാർപ്പിടാവശ്യം/ വീട് |
| 2 | വനജ.കെ, ബ്ലെസൺ.പി ജയ്സൺ.പി, റോബിൻസൺ. പി | 2 | 90 | 73 | പാർപ്പിടാവശ്യം/ വീട് |
| 3 | ചക്കരയൻ ശാരദ | 2 | 108 | 64 | പാർപ്പിടാവശ്യം/ വീട് |
| 4 | കെ.പി.രവീന്ദ്രൻ | 3 | 103 | 76.5 | പാർപ്പിടാവശ്യം/ വീട് |
| 5 | കോരമ്പേത്ത് പച്ച അനിത | 3 | 177 | 66 | പാർപ്പിടാവശ്യം/ വീട് |
| 6 | പട്ടീക്കര നബീസ | 4 | 87 | 73 | പാർപ്പിടാവശ്യം/ വീട് |
| 7 | രയരോത്ത് ഗോപാലൻ | 5 | 123 | 71.68 | പാർപ്പിടാവശ്യം/ വീട് |
| 8 | സി.കെ.ഭാസ്കരൻ | 5 | 205 | 63 | പാർപ്പിടാവശ്യം/വീട് |
| 9 | സി.പി.മറിയുമ്മ | 6 | 479 | 241 | പാർപ്പിടാവശ്യം/ വീട് |
| 10 | പാറക്കണ്ടി പക്കർകുട്ടി | 7 | 124 | 75 | പാർപ്പിടാവശ്യം/ വീട് |
| 11 | ചേലാങ്കര ഭരതൻ | 7 | 169 | 75 | പാർപ്പിടാവശ്യം/വീട് |
| 12 | മുണ്ടോൻ കോമളവല്ലി | 7 | 437 | 88 | പാർപ്പിടാവശ്യം/ വീട് |
| 13 | പ്രസിഡണ്ട് മുസ്ലിം ജമാഅത്ത് കമ്മിറ്റി | 8 | 21 | 61 | പാർപ്പിടാവശ്യം/ വീട് |
| 14 | പ്രഭാകുമാരി സി.പി | 8 | 76 | 223 | പാർപ്പിടാവശ്യം/ വീട് |
| 15 | എം.വി .അനീഷ് | 8 | 309 | 73 | പാർപ്പിടാവശ്യം/ വീട് |
| 16 | ആയങ്കി ലക്ഷ്മി | 9 | 10 | 75 | പാർപ്പിടാവശ്യം/ വീട് |
| 17 | തൈക്കണ്ടി കൃഷ്ണൻ | 9 | 139 | 67.89 | പാർപ്പിടാവശ്യം/ വീട് |
| 18 | മുണ്ടയാടൻകണ്ടി പുതിയ പുരയിൽ റസിയ | 9 | 260 | 348 | പാർപ്പിടാവശ്യം/ വീട് |
| 19 | വെള്ളുവക്കണ്ടി യശോദ | 9 | 359 | 78 | പാർപ്പിടാവശ്യം/ |

| | | | | | |
|---|---|---|---|---|---|
| | | | | | വീട് |
| 20 | കുനിമ്മൽ ലക്ഷ്മണൻ | 12 | 136 | 86 | പാർപ്പിടാവശ്യം/ വീട് |
| 21 | പന്നി ജാനകി | 13 | 419 | 80 | പാർപ്പിടാവശ്യം/ വീട് |
| 22 | പങ്കൻ ചന്ദ്രൻ | 13 | 506 | 73 | പാർപ്പിടാവശ്യം/ വീട് |
| 23 | വെള്ളുവ രയരോത്ത് രാരീഷ് | 14 | 132 | 81 | പാർപ്പിടാവശ്യം/ വീട് |
| 24 | കാവുള്ള പുരയിൽ ബാലൻ | 14 | 443 | 83 | പാർപ്പിടാവശ്യം/ വീട് |
| 25 | തെരുവൻചാലിൽ മാധവി | 15 | 22 | 66 | പാർപ്പിടാവശ്യം/ വീട് |
| 26 | കണ്ണമ്പേത്ത് പ്രമോദ് കുമാർ | 16 | 54 | 121 | പാർപ്പിടാവശ്യം/ വീട് |
| 27 | തറമ്മൽ രഘൂത്തമൻ | 16 | 264 | 118 | പാർപ്പിടാവശ്യം/ വീട് |
| 28 | സി.പി.സുശീല | 16 | 286 | 158 | പാർപ്പിടാവശ്യം/ വീട് |
| 29 | കല്ലേൻ ഗംഗാധരൻ | 17 | 328 | 66.49 | പാർപ്പിടാവശ്യം/ വീട് |
| 30 | പടിക്കരക്കണ്ടി ദേവകി | 17 | 333 | 63.2 | പാർപ്പിടാവശ്യം/ വീട് |

കൂടാതെ ചുവടെ ചേർത്ത കെട്ടിടങ്ങൾ 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളതാണെങ്കിലും നികുതി/ഉപനികുതി ഒഴിവാക്കപ്പെട്ടവ എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല.

| ക്രമ നം. | കെട്ടിട ഉടമസ്ഥന്റെ പേര് | വാർഡ് നം. | കെട്ടിട നം. | പ്ലിൻത് ഏരിയ(ച.മീ.) | ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | എടപ്പാറ പുതിയ പുരയിൽ അബൂബക്കർ | 1 | 88 | 95 | നികുതി/ഉപനികുതി ഒഴിവാക്കപ്പെട്ടവ |
| 2 | കെ.ജാനകി അമ്മ | 1 | 525 | 269 | “ |
| 3 | പണ്ണേരി നളിനി | 2 | 104 | 63 | “ |
| 4 | കല്ലേൻ ദാസൻ | 2 | 145 | 72 | “ |
| 5 | കുലോത്ത് വളപ്പിൽ സീന | 3 | 425 | 71 | “ |
| 6 | കെ കുമാരൻ | 6 | 178 | 100 | “ |
| 7 | വാഴയിൽ കുഞ്ഞിക്കണ്ണൻ | 10 | 81 | 67 | “ |
| 8 | കേളമ്പേത്ത് അമ്പൻ പ്രസാദൻ | 10 | 153 | 124 | “ |
| 9 | മുണ്ടച്ചാലിൽ ജയരാജൻ | 11 | 200 | 180 | “ |
| 10 | വണ്ണാറക്കൽ രാഘവൻ | 11 | 261 | 67 | “ |
| 11 | എളമ്പിലായി മാധവൻ | 11 | 347 | 108 | “ |
| 12 | മുണ്ടമ്പേത്ത് അച്ചുതൻ | 11 | 365 | 68 | “ |
| 13 | കാടിച്ചേരി അനിത | 11 | 429 | 84 | “ |
| 14 | കുടുവൻ കാർത്ത്യായനി | 13 | 22 | 96 | “ |

| | | | | | |
|---|---|---|---|---|---|
| 15 | കാക്കര ഗോവിന്ദൻ | 13 | 397 | 69 | " |
| 16 | വെങ്ങപ്പറ്റ കുന്നത്തൂർ അരവിന്ദാക്ഷൻ | 14 | 531 | 105 | " |
| 17 | കെ വി സന്ധ്യ | 15 | 327 | 86 | " |
| 18 | കെ വി സന്ധ്യ | 15 | 328 | 264 | " |
| 19 | പറപ്പാടത്തിൽ നബീസു | 20 | 147 | 63 | " |
| 20 | തീയ്യർകണ്ടിസ്രാമ്പി | 20 | 302 | 90 | " |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/14.11.2023) മറുപടിയായി മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങൾ അധികവും 40 വർഷത്തിലധികം പഴക്കമുള്ളവയാണെന്നും ഇവ സംബന്ധിച്ച് സ്ഥല പരിശോധന നടത്തി അളന്ന് തിട്ടപ്പെടുത്തി അപാകതകൾ പരിഹരിച്ച് നികുതി ഈടാക്കേണ്ട കെട്ടിടങ്ങൾക്ക് നികുതി ചുമത്തി ആയത് ഈടാക്കുകയും സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല

സഞ്ചയ പ്രകാരം മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ എട്ട് അനധികൃത കെട്ടിടങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | 1/1/UA | കുനിമ്മൽ ബീന | പാർപ്പിടാവശ്യം |
| 2 | 7/1/UA | പള്ളിക്കലകത്ത് പുതിയ പുരയിൽ ഹാരിസ്, താറോൻ സാജിത | പാർപ്പിടാവശ്യം |
| 3 | 7/2/UA | ഇട്ടുക്കിലകത്ത് നാവത്ത് മറിയുമ്മ | പാർപ്പിടാവശ്യം |
| 4 | 8/1/UA | പുതിയകത്ത് ലബീബ, പുതിയപുരയിൽ മൊയിലോത്ത് വീട്ടിൽ മുഫ്ലിഹ് | പാർപ്പിടാവശ്യം |
| 5 | 14/1/UA | കോറോത്ത് ചോടോൻ കാർത്ത്യായനി അമ്മ | പാർപ്പിടാവശ്യം |
| 6 | 16/1/UA | പുന്നക്കൽ ശാരദ | പാർപ്പിടാവശ്യം |
| 7 | 16/2/UA | ടി.പി.സുനിൽ | പാർപ്പിടാവശ്യം |
| 8 | 18/1/UA | റഷീദ പി കെ | പാർപ്പിടാവശ്യം |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തീയതിയിലെ 29342/ആർ.എ1/2014 നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്ററിൽ മേൽ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രേഖപ്പെടുത്താത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.10/14.11.2023) നൽകിയതിനെ തുടർന്ന് മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കി. എന്നാൽ ചട്ടലംഘനങ്ങളുടെ നിലവിലെ സ്ഥിതിയും അതിനെതിരെ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2022-23 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/15.11.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| കേരള ദിനേശ് ബീഡി വ്യവസായ സഹകരണ സംഘം, വലിയന്നൂർ | I,II |

B) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുകകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 വരെ ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. 2022-23 വർഷം നികുതി നിർണ്ണയം നടത്തിയ, 250 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| പുത്തൂർകണ്ടി അബ്ദുൾ സലാം | 1/395 A, B, C, D | 261.29 |
| ജമീല.യു.വി | 6/251 A, B, C, D, E, G, H, I, J, K, L, M, N, O, P, Q, R, S, T, V, W, X, Y, Z, A1, A2, A3, A4, A5, A6, A7, A8, A9, A10, A11, A12, A13 | 832.13 |
| അബ്ദുൾ ഗഫൂർ കുടത്തുംകായി | 6/322 C, D, E, F, G, H, I, J, K, L, M, N, P, Q, R, S, T, U | 484.47 |
| ഷഫീർ എസ് .എം | 12/ 247 A, B, C, D, E, F, G, H | 833.11 |
| മനീഷ് സി | 12/435 A, B, C, D, E, F | 431.21 |
| കൊയക്കോട്ട് പുതിയ പുരയിൽ മൊയ്തു, മണ്ണങ്കടിയൻ തെക്കുമ്പാട് ജമീല | 19/218 A, B, C, D, E, F, G, H, I, J, K, L, M, N, O, P, | 400.77 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/15.11.2023) മറുപടിയായി അപാകം പരിഹരിക്കുന്നതിനായി ഐ കെ എം അധികൃതർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകം

ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 40/- രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 60/- രൂപയുമാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽപ്പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | മുഹമ്മദ് അലി പുന്നക്കൈ | 19/80 E | താഴത്തെ നില 241.5 ച.മീ | 40 | 60 |

മേൽ കെട്ടിടത്തിന്റെ നികുതി കണക്കാക്കിയതിലെ അപാകം സംബന്ധിച്ച് 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നു. എന്നാൽ നാളിതു വരെയും പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36/16.11.2023) മറുപടിയായി പ്രസ്തുത വിവരം സഞ്ചയയിൽ രേഖപ്പെടുത്തി നികുതി കുടിശ്ശിക അടക്കമുള്ള തുക ഉടമസ്ഥനിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക അടക്കമുള്ള തുക ഉടമസ്ഥനിൽ നിന്ന് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്ന് എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1) 31.10.2017ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ (സ ഉ (പി) നം 80/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചത്) ചട്ടം 7, പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായുള്ള അപേക്ഷകളിൽ മൂലധന നിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. അപേക്ഷയോടൊപ്പം അപേക്ഷകന്റെ സെൽഫ് ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള അപേക്ഷകളിൽ സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശിപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ ഫീസ് കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

2) ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി, ഭരണസമിതി അംഗീകരിച്ച വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്ന എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ അപൂർണമാണ്. നിരവധി സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ, സ്ഥാപനത്തെ സംബന്ധിച്ച വിശദാംശങ്ങൾ, ഫീസ് ഈടാക്കിയ രസീത് നമ്പർ മുതലായവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/15.11.2023) മറുപടിയായി മൂണ്ടേരി ഗ്രാമ പഞ്ചായത്തിൽ പുതുതായി ലഭ്യമാകുന്ന അപേക്ഷകളിൽ നിലവിൽ പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണം നടത്തുകയും സ്ഥാപനത്തിന്റെ മൂലധന ചെലവ് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാറുണ്ടെന്നും മേൽ അപേക്ഷകളിൽ സെക്ഷൻ ക്ളാർക്കും മേൽ ഉദ്യോഗസ്ഥന്റെ ശിപാർശയും സെക്രട്ടറിയുടെ അംഗീകാരവും ILGMS ൽ രേഖപ്പെടുത്താറുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഏതാനും ലൈസൻസ് ഫയലുകൾ ILGMS മുഖേന പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. മൂലധന നിക്ഷേപം സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിലുള്ള ഫീസാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെയും അംഗീകാരം വാങ്ങി കാലികമാക്കേണ്ടതും ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-17 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്.

ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|---|
| 12 | പി രാജൻ | ഫ്ലോർ മിൽ | 7/494 | പാർപ്പിടാവശ്യം |
| 49 | സന്തോഷ് എ കെ | ഫാൻസി ഷോപ്പ് | 6/146 S | സഞ്ചയയിൽ ലഭ്യമല്ല |
| 64 | പ്രവീൺ കുമാർ ഇ | NMT ഗ്രാനൈറ്റ് | 16/498 | പാർപ്പിടാവശ്യം |
| 67 | സഊദ് ഇ പി | സ്റ്റീൽ പാത്രം, അലൂമിനിയം, പ്ലാസ്റ്റിക് വിൽപ്പന | 6/146 G | സഞ്ചയയിൽ ലഭ്യമല്ല |
| 72 | തെക്കൻ രാഘവൻ | ടെക്സ്റ്റൈൽസ് ഷോപ്പ് | 13/496 | പാർപ്പിടാവശ്യം |
| 90 | പ്രേമചന്ദ്രൻ, പ്രിജേഷ് കെ | വീട്ടുപകരണങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന | 14/170 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 91 | പ്രേമചന്ദ്രൻ, പ്രിജേഷ് കെ | വീട്ടുപകരണങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന | 14/166 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 105 | മുഹമ്മദലി വി വി | നൂറിയ ബേക്കറി | 1/243 | പാർപ്പിടാവശ്യം |
| 111 | പി കെ ഷീബ | പലചരക്ക് വ്യാപാരം | 10/17 | പാർപ്പിടാവശ്യം |
| 113 | ജലജ ടി ഒ | പലചരക്ക് വ്യാപാരം | 16/292 A | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) |
| 125 | പി കെ മമ്മു | ഫാൻസി ഷോപ്പ് | 3/252 | പാർപ്പിടാവശ്യം |
| 146 | മുഹമ്മദ് കുട്ടി എം വി | മലഞ്ചരക്ക് വ്യാപാരം | 2/310 A | പാർപ്പിടാവശ്യം |
| 153 | ജി വി അരവിന്ദാക്ഷൻ | ജ്വല്ലറി | 1/452 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) |
| 177 | പ്രകാശൻ പി | വെള്ളി ആഭരണങ്ങൾ | 16/34 | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | | നിർമ്മാണം | | |
| 203 | രജിതകുമാരി കെ ടി | അനാദിക്കട | 14/13 | പാർപ്പിടാവശ്യം |
| 222 | എൻ കെ രഘൂത്തമൻ | ബേക്കറി | 6/146 B | സഞ്ചയയിൽ ലഭ്യമല്ല |
| 233 | ബിജു കെ പി | LED ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിൽപനയും | 5/275 | പാർപ്പിടാവശ്യം |
| 236 | നൗഷാദ് കെ | ലെതർ ബാഗ് വിൽപന | 8/332 | പാർപ്പിടാവശ്യം |
| 239 | തംസീർ പുതിയ പുരയിൽ | ഹോട്ടൽ | 8/453 | പാർപ്പിടാവശ്യം |
| 255 | മുഹമ്മദ് സി എം | സ്റ്റേഷനറി ഷോപ്പ് | 19/179 | പാർപ്പിടാവശ്യം |
| 256 | മഹമൂദ് സി | ബേക്കറി നിർമ്മാണം | 19/114 A | വ്യവസായത്തി നാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 265 | അലി ടി പി | ഫർണിച്ചർ നിർമ്മാണം | 19/202 | പാർപ്പിടാവശ്യം |
| 268 | പ്രേമൻ പി | സിമന്റ് സ്റ്റോക്ക് ചെയ്ത് വിൽപന | 20/255, 256 | പാർപ്പിടാവശ്യം |
| 282 | സഫീറ കെ | സിമന്റ്, കമ്പി, ഇലക്ട്രിക്കൽ പ്ലംബിംഗ്, ഹാർഡ് വെയർ സാധനങ്ങൾ വിൽക്കൽ | 3/216 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 359 | ഇർഷാദ് കെ എസ് | വാഷിംഗ് പൗഡർ, സോപ്പ്, ഭക്ഷണവസ്തുക്കൾ സ്റ്റോക്ക് ചെയ്ത് വിൽപന | 19/330,331 | പാർപ്പിടാവശ്യം |
| 368 | ചക്കരക്കൊട്ടുമ്മൽ രാജീവൽ | ബേക്കറി നിർമാണം | 13/586 | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/16.11.2023) മറുപടിയായി മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം വസ്തു നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ മാറ്റം വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലൈസൻസ് അനുവദിക്കുന്നതിലൂടെ പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ വരുമാന ചോർച്ച ഉണ്ടാകുന്നതിനാൽ ലൈസൻസ് അനുവദിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ.

ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

1. ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കേണ്ടിയിരുന്ന റണ്ണിങ് ഫീസ് (₹) |
|---|---|---|---|---|---|
| 6 | രമാവതി ടി കെ | ടി കെ റോജാർ ഫ്ലോർ മിൽ | 6/499 | 10 HP | 100 |
| 17 | ചന്ദ്രൻ പാടത്തീൽ | വെൽഡിംഗ് ഷോപ്പ് | 6/319 | 7 HP | 100 |

| | | | | | |
|---|---|---|---|---|---|
| 20 | കുവ്വേൻ സുരേഷ് ബാബു | പ്രേമ റൈസ് & ഫ്ലോർ മിൽ | 13/277 | 10 HP | 100 |
| 81 | സുജിത്ത് വി കെ | വി കെ എഞ്ചിനീയറിംഗ് | 13/669 C | 10 HP | 100 |
| 231 | രാമചന്ദ്രൻ സി | ശങ്കർ ഫ്ലോർ മിൽ | 6/322 B | 10 HP | 100 |
| 291 | ഊർജ്ജശ്രീ ന്യൂട്രിമിക്സ് | - | 13/421 A | 15 HP | 200 |
| 310 | വിലാസിനി കെ | നിജ ഓയിൽ & ഫ്ലോർ മിൽ | 14/146 | 15 HP | 200 |
| 347 | സുരേന്ദ്രൻ പി | സംയുക്ത ഫ്ലോർ മിൽ | 12/421 C | 10 HP | 100 |
| 407 | പി കെ ലീല | സന്തോഷ് ഫ്ലോർ മിൽ | 17/124 | 10 HP | 100 |
| 493 | സി എം പ്രേം കുമാർ | സ്വദേശ് ഫുഡ് പ്രൊഡക്ട്സ് | 6/439 B | 60 HP | 1000 |
| 620 | തറമ്മൽ ജാനകി | സഹജ ടിമ്പർ ഇൻഡസ്ട്രീസ് | 16/72 | 55 HP | 1000 |
| 637 | ചേലേരി ജനാർദ്ദനൻ | വെൽഡിംഗ് വർക്ക്സ് | 13/227 | 10 HP | 100 |
| 638 | പ്രസാദ് ടി | വെൽഡിംഗ് വർക്ക്സ് | 12/443 | 8 HP | 100 |
| 647 | സാഗർ എം | ഫർണിച്ചർ നിർമ്മാണം | 5/173 A | 11 HP | 200 |

2. യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഫ്ലോർ മിൽ, വെൽഡിംഗ് ഷോപ്പ്, അലൂമിനിയം ഫാബ്രിക്കേഷൻ ഷോപ്പ് മുതലായ നിരവധി സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല. ഈ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന മോട്ടോറുകളുടെ കുതിരശക്തി ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ |
|---|---|---|---|
| 12 | പി രാജൻ | ഭവ്യ ഫ്ലോർ മിൽ | 7/494 |
| 271 | ചേലേരി ജയപ്രകാശൻ | വെൽഡിംഗ് ഷോപ്പ് | 7/31 D |

3. യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ് ഇനത്തിൽ ഈടാക്കേണ്ട തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. തുക ഒടുക്കു വരുത്തിയ രസീതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയ റണ്ണിംഗ് ഫീസ് (₹) |
|---|---|---|---|---|
| 13 | കുറിയ ഗംഗാധരൻ | പവർ ലൂം | 13/51 | 100 |
| 19 | സിന്ധു കെ | കണ്ണൻസ് ഫ്ലോർ മിൽ | 15/7 | 100 |
| 57 | സ്റ്റാൻലി വി കെ | സെന്റ് ജോസഫ് ഫർണിച്ചർ വർക്ക്സ് | 8/150 | 200 |
| 61 | ദിൽന വി കെ | സ്വദേശ് ഫുഡ് പ്രൊഡക്ട്സ് | 6/439 | 1000 |
| 62 | സി എം പ്രേംകുമാർ | സ്വദേശ് ഓയിൽ & ഫ്ലോർ മിൽ | 6/439 A | 1000 |
| 106 | അതിയടത്ത് പുത്തൻ വീട്ടിൽ ബാലൻ | ബെസ്റ്റ് ഓയിൽ & ഫ്ലോർ മിൽ | 2/184 | 200 |
| 322 | ഷാജു കെ പി | ലക്ഷ്മി ഫ്ലോർ മിൽ | 18/469 A | 100 |
| 349 | വിജുല കെ എൻ | വിബീസ് ഫ്ലോർ മിൽ | 3/46 A | 100 |

| | | | | |
|---|---|---|---|---|
| 357 | പുരു പുരുത്താൻ ഗണേശൻ | ശ്രീ ഗണേഷ് ഫ്ലോർ മിൽ | 16/494 | 100 |
| 368 | ചക്കരക്കൊട്ടുമ്മൽ രാജീവൻ | സ്വീറ്റ്സ് ഫുഡ് പ്രൊഡക്ട്സ് | 13/586 | 100 |
| 375 | അബ്ദുൾ റസാഖ് എം സി | കെ സി ഫ്ലോർ മിൽ | 20/412 | 100 |
| 384 | സജീവ് കെ വി | സോഫാ നിർമ്മാണം | 11/218 | 100 |
| 417 | രയരോത്ത് രവീന്ദ്രൻ | സ്വദേശി ഫ്ലോർ മിൽ | 11/469 | 100 |
| 434 | ചിങ്ങൻ ഗീത | സിജി ഫ്ലോർ മിൽ | 8/490 | 100 |
| 456 | നെഫീസ ചന്ദ്രോത്ത് | നെഹ്റാസ് ഫ്ലോർ മിൽ | 2/472, 473 | 100 |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/16.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മേൽ പട്ടികകളിൽ പരാമർശിച്ച സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. അപാകങ്ങൾ സംബന്ധിച്ച് വിശദീകരണവും മേൽ പട്ടികകളിലെ സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള മോട്ടോർ റണ്ണിംഗ് ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 മുഴുവൻ മരുന്നുകളും ലഭ്യമായില്ല-1,63,088/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം |
| പ്രോജക്ട് നമ്പർ | 5/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക | ₹ 300000, 170/20.12.2022 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി 3,00,000/- രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം 1,36,912/- രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ (ഇൻവോയ്സ് നം. LF 608/21.07.2023) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ, മാനേജിംഗ് ഡയറക്ടർ ഹോംകോയുമായി ചമച്ച HCO/SA /667/2023 തീയതി 5.05.2023 നമ്പർ കരാർ പ്രകാരം പണം ലഭിച്ച് 9 മാസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതാണ്. ഹോംകോയുടെ കൈപ്പറ്റ് രശീത് പ്രകാരം 23.12.2022ന് പണം ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടില്ലെങ്കിൽ കരാറിലെ വ്യവസ്ഥകൾ പാലിക്കാത്തതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും ലഭിക്കുവാൻ ബാക്കിയുള്ള 1,63,088/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/13.11.2023) മറുപടിയായി ലഭിക്കുവാൻ ബാക്കിയുള്ള 1,63,088/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകാത്തതിനാൽ 1,63,088/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഇൻവോയ്സ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകൽ പ്രോജക്ട്- പട്ടികജാതിയിൽ പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 140/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകൽ |
| അടങ്കൽ | ₹64413 വികസനഫണ്ട് SCP |
| ചെലവ് തുക, ബിൽ നം./തീയതി | ₹64413, 16/29.03.2023 |

പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ ഏഷ്യൻ ട്രേഡേഴ്സ്, നാറാത്ത് എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് 3789 രൂപ നിരക്കിൽ 17 ഗുണഭോക്താക്കൾക്ക് 64413 രൂപ ചെലവഴിച്ച് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം കട്ടിൽ ലഭിച്ച മാധവി സി എന്ന ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയത് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(4/13.11.2023) മറുപടിയായി മാധവി സി എന്ന ഗുണഭോക്താവ് പത്മശാലീയ വിഭാഗത്തിൽപ്പെട്ട ആളാണെന്നും ഭർത്താവും കുട്ടികളും പട്ടികജാതിയിൽപ്പെട്ട ആളായതിനാലാണ് കട്ടിൽ നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അർഹത ഗ്രാമസഭ 100% ഉറപ്പു വരുത്താൻ ശ്രമിക്കേണ്ടതാണ്.

## 1-21 ലൈഫ് പദ്ധതി- ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 28/23 |
| പ്രോജക്ടിന്റെ പേര് | ലൈഫ് പദ്ധതി- ഭവനനിർമ്മാണം (എസ്.സി) (SO) |
| അടങ്കൽ<br><br>ആകെ | ₹378088 വികസനഫണ്ട് പൊതുവിഭാഗം<br>₹660000 സംസ്ഥാനാവിഷ്കൃതഫണ്ട്<br>₹1912 തനത് ഫണ്ട്<br>₹1040000 |
| ചെലവ് തുക, ചെക്ക് നം./ബിൽ നം, തീയതി<br><br>ആകെ | ₹240000 , JM 1422762/27.06.2022<br>₹80000, 3/30.05.2022<br>₹100000, 4/08.07.2022<br>₹120000, JM 1422763/29.08.2022<br>₹140000,12/28.12.2022<br>₹40000, 38/31.03.2023<br>₹720000 |

ലൈഫ് ഭവനപദ്ധതിക്കായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി തുക ലഭിച്ചിട്ടുള്ള താഴെപറയുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു അനുവദിച്ച വർഷം | 2022-23 വർഷം അനുവദിച്ച തുക | ആകെ അനുവദിച്ച തുക |
|---|---|---|---|
| ഷൈജു എം സി | 2020-21 | 40000 | 340000 |
| ഷമജ് എൻ | 2020-21 | 100000 | 300000 |
| രതി കെ | 2020-21 | 40000 | 300000 |

ഗുണഭോക്താക്കളുമായി നവംബർ 2020ൽ ചമച്ച കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/14.11.2023) മറുപടിയായി ഷൈജു എം സി എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കി നമ്പറിന് അപേക്ഷിച്ചിട്ടുണ്ടെന്നും ഷമജ് എൻ എന്ന ഗുണഭോക്താവ് എത്രയും പെട്ടെന്ന് പണി പൂർത്തിയാക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും രതി കെ എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം ജനകീയ കമ്മറ്റിയുടെ

നേതൃത്വത്തിൽ പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-22 കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ധനസഹായം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 100000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ, പേര് | 133/23 കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ധനസഹായം |
| അടങ്കൽ | ₹100000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹100000 (ബിൽ നമ്പർ, 18 തീയതി02.03.23) |

സ ഉ (കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.2.ബി പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് 50000 രൂപ നിരക്കിൽ ധനസഹായം കണക്കാക്കി ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ നജ ഫാത്തിമ, സാൻവി മനീഷ് കെ എന്നീ രണ്ട് കുട്ടികൾക്കായി 1,00,000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. മിഷന് കുട്ടികളുടെ ലിസ്റ്റ് കൈമാറിയതിന്റെ രേഖകൾ, മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(40/16.11.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. കുട്ടികൾക്ക് ആവശ്യമായ സമയത്തു തന്നെ അർഹമായ പരിചരണം ലഭിച്ചു എന്നു തെളിയിക്കുന്ന മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 തനത് വരുമാനം- പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. മുണ്ടേരി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

01-03-2022 മുതൽ 31-03-2023 വരെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15 യോഗങ്ങൾ ചേർന്നിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വസ്തുനികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങളും മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങളും ചേർന്നിട്ടുണ്ട്. എന്നാൽ പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല.

വസ്തുനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ (കൈ) നമ്പർ 77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ (അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുണ്ടേരി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് ഭരണസമിതിയുടെ 18.08.2023 തീയതിയിലെ 153/2023, 153/2023 (1) നമ്പർ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് വസ്തുനികുതി

ഈടാക്കുന്നത്. ഫീൽഡ് വെരിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല.

തൊഴിൽ നികുതി .

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി 2 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 774 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സേവനഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

FTE & OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന്1996 ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18, 19 പട്ടിക III പ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വെൽഡിംഗ് ഷോപ്പ്, അലൂമിനിയം ഫാബ്രിക്കേഷൻ ഷോപ്പ് മുതലായ നിരവധി സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ് കൃത്യമായി ഈടാക്കുന്നില്ല. മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ്

ഇനങ്ങളിലുള്ള തുകകൾ കൃത്യമായി ഈടാക്കി ഈയിനത്തിലുള്ള വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

<u>തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .</u>

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

10. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് ഭരണസമിതിയുടെ അംഗീകാരത്തോടെ കാലികമാക്കി സൂക്ഷിക്കേണ്ടതും പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, FTE&OS ലൈസൻസ് ഫീസ്, മറ്റ് ലൈസൻസ് ഫീസുകൾ മുതലായവ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

11. യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് ഇനങ്ങളിലുള്ള തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ(കൈ)നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-24 എസ് എസ് കെ വിഹിതം നൽകൽ - മാർഗ്ഗ രേഖ നിർദ്ദേശം പാലിക്കേണ്ടതാണ്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. & പേര് | 131/23, എസ് എസ് കെ വിഹിതം നൽകൽ |
| അടങ്കൽ | ₹1500000 (വികസന ഫണ്ട്) |
| ചെലവ് | ₹1500000 |
| ബിൽ നം. & തീയതി | 90/16.9.2022 |

സർവ്വശിക്ഷാ കേരളം ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ വാർഷിക കർമ്മ പദ്ധതി പ്രകാരം തുക കൈമാറുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. ജില്ലാ പ്രോജക്റ്റ് കോർഡിനേറ്ററുടെ 22.7.2022ലെ കത്ത് പ്രകാരം 31.3.2022 വരെയുള്ള കുടിശ്ശിക 6,65,683/- രൂപയും 2022-23 ലെ വിഹിതം 13,97,086/- രൂപയും ഉൾപ്പെടെ ₹2062769 അടവാക്കാനുണ്ട്. ആയതിൽ ₹1500000 മേൽ ബിൽ പ്രകാരം ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ കണ്ണൂർ ജില്ലാ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ കൈപ്പറ്റ് രശീതി, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/14.11.2023 ന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി.

സ.ഉ.84/2022/തസ്വഭവ/19.04.22, ഖ8.6.3 പ്രകാരം സമഗ്ര ശിക്ഷാ കേരളം കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രൊജക്റ്റ് പൂർത്തിയായ ശേഷം വിശദാംശങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്. ഖ 8.6.4 പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ എസ് എസ് കെ പ്രൊജക്റ്റിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ എസ് എസ് കെ പ്രൊജക്റ്റ് ഓഫീസർ അറിയിക്കണം. വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പരാമർശിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. സർക്കാർ നിർദ്ദേശാനുസരണം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പൊതു കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ₹63000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 20/2023, വാർഡ് നാലിൽ പൊതു കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ | ₹120000 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹63000 |
| ബിൽ നം., തീയതി | 162/2.12.2022 |

നാലാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കുഴൽ കിണർ നിർമ്മിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലാ ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം ₹63000 ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ടി പദ്ധതിയുടെ പൂർത്തീകരണ വിവരവും ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/14.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും വിശദീകരണത്തിന്റേയും അഭാവത്തിൽ ഈ ഇനത്തിലെ ചെലവ് തുകയായ ₹63000 തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.03.22, 10.07.22 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം ഡി.എ.64/22, ഡി.എ.179/22 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ₹20,23,637 തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നം. & പേര് | 227/23, വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | |
| അടങ്കൽ | ₹20,63,800 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| ചെലവ് | ₹20,23,637 | |
| വൗച്ചർ നം., തീയതി, തുക | 22200817/3.3.2023 | ₹1541157 |
| | 22200913/23.3.2023 | ₹482480 |

ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 20 വരെയുള്ള വാർഡുകളിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി നിലവിലുള്ള പോസ്റ്റുകളിലും പോസ്റ്റ് ഇല്ലാത്ത ഇടങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ചും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്.

പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, ഇലക്ട്രിക്ക് സെക്ഷൻ, ഏച്ചൂർ-ന് ₹20,23,637 കൈമാറിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ പുരോഗതി വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/15.11.2023ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

കെ എസ് ഇ ബിയുമായി ചമച്ച കരാർ പ്രകാരം 31.3.2023ന് മുമ്പായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നിർദ്ദിഷ്ട കാലയളവിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിലെ ചെലവ് തുകയായ ₹20,23,637 തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.03.22, 10.07.22 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം ഡി.എ.64/22, ഡി.എ.179/22 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 നിലവിലുള്ള ഇലക്ട്രിക്ക് പോസ്റ്റുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹1920812 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 12/2023, നിലവിലുള്ള ഇലക്ട്രിക്ക് പോസ്റ്റുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ |
| അടങ്കൽ - ₹1971000 | ₹188000 (വികസന ഫണ്ട്) |

| | | |
|---|---|---|
| | ₹91000 (തനത് ഫണ്ട്) | |
| ചെലവ് - ₹1920812 | ₹1830651 (വികസന ഫണ്ട്)<br>₹90161 (തനത് ഫണ്ട്) | |
| ബിൽ നം., തീയതി, തുക | 273/28.2.2023 | ₹668753 |
| | 311/16.3.2023 | 1161898 |
| | 312/16.3.2023 | 90161 |
| ആകെ | | 1920812 |

മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി നിക്ഷേപ പ്രവൃത്തിയായിട്ടാണ് ഈ പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി ചക്കരക്കൽ, ഏച്ചൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ എസ്റ്റിമേറ്റ് പ്രകാരം യഥാക്രമം ₹668753, ₹1252059 അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, ചക്കരക്കൽ ഏച്ചൂർ-ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുക കൈമാറുന്നതിന് മുൻപ് ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണ സാക്ഷ്യപത്രവും ധനവിനിയോഗ വിവരവും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/14.11.2023 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും സ്പിൽ ഓവറായി തുടരുന്നുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. കെ എസ് ഇ ബിയുമായി ചമച്ച കരാർ പ്രകാരം 31.3.2023 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിലെ ചെലവ് തുകയായ ₹19,20,812 തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരവും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.03.22, 10.07.22 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം ഡി.എ.64/22, ഡി.എ.179/22 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പ്രേരകുമാർക്ക് ഹോണറേറിയം ഇനത്തിൽ അനുവദിച്ച ₹59784 തിരികെ ലഭിച്ചിട്ടില്ല

മുൻകൂർ രജിസ്റ്റർ, ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ എന്നിവയുടെ പരിശോധനയിൽ സാക്ഷരതാ പ്രേരകുമാർക്ക് 2020 ഡിസംബർ മുതൽ 2021 മാർച്ച് മാസം വരെ ഹോണറേറിയം ഇനത്തിൽ അനുവദിച്ച ₹59784 നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/16.11.2023ന് ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 അങ്കണവാടി പോഷകാഹാരം - സ്റ്റോക്കിലേയും വിതരണത്തിലേയും അപാകങ്ങൾ- 74,724/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നം/ പേര് | 3/23 അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹5500000<br>₹3500000 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹2000000 - കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | ₹3922455<br>₹3500000 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹422455 - കേന്ദ്രാവിഷ്കൃത ഫണ്ട് |

| | |
|---|---|
| തുക, ബിൽ നം./ചെക്ക് നം,തീയതി | ₹615575, 1/14.06.22<br>₹557967, 3/03.08.22<br>₹403936, 4/01.11.22<br>₹509975, 5/25.11.22<br>₹443705, 12/03.01.23<br>₹139814, 14/28.01.23<br>₹101795, 24/21.03.23<br>₹91198, 25/21.03.23<br>₹341337, 20/01.03.23<br>₹294698, 30/30.03.23<br>₹116018, JN 5864492/26.08.22<br>₹100172, JN 5864493,29.10.22<br>₹82282, JN 5864494,03.02.23<br>₹123983, JN 5864496,21.03.2023 |

അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനായുള്ള മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ ആകെ 33 അംഗൻവാടികളാണുള്ളത്. ഇതിൽ കാഞ്ഞിരോട് തെരു, മായൻകുന്ന് എന്നീ രണ്ട് അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2022 സെപ്റ്റംബർ മാസം ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും വിതരണം ചെയ്യുന്നതിനായി മുണ്ടേരി റൈസ് പ്രോസസിംഗ് യൂണിറ്റിൽ നിന്നും ലഭ്യമായ തരക്കലരിയുടെ അളവ് ഐ സി ഡി എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഈ അങ്കണവാടികൾക്ക് സെപ്റ്റംബർ മാസം വിതരണം ചെയ്തതായി രേഖപ്പെടുത്തിയ അളവുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അങ്കണവാടിയുടെ പേര് | ഐ സി ഡി എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തതായി രേഖപ്പെടുത്തിയ അളവ് | അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭ്യമായത് |
|---|---|---|
| കാഞ്ഞിരോട് തെരു | 38 | 19 |
| മായൻകുന്ന് | 42 | 21 |

മുണ്ടേരി റൈസ് പ്രോസസിംഗ് യൂണിറ്റിന്റെ ബിൽ പ്രകാരം (ബിൽ നം.719 തീയതി 04.09.2022) 2022 സെപ്റ്റംബർ മാസം 1024 കി.ഗ്രാം തരക്കലരി നൽകിയിട്ടുണ്ട്. ഇതിനായി കിലോഗ്രാമിന് 51/- രൂപ നിരക്കിൽ 52,224/- രൂപ പ്രോജക്റ്റിൽ നിന്നും മുണ്ടേരി റൈസ് പ്രോസസിംഗ് യൂണിറ്റിന് അനുവദിച്ചിട്ടുമുണ്ട്. ഐ സി ഡി എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിലും സെപ്റ്റംബർ മാസം (04.09.2022ന്) 1024 കി.ഗ്രാം അരി 33 അങ്കണവാടികളിലായി വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ അങ്കണവാടികൾക്ക് ലഭിച്ച അരിയുടെ അളവിലുണ്ടായ വ്യത്യാസം സംബന്ധിച്ചും ബാക്കിയുള്ള 31 അങ്കണവാടികൾക്ക് സെപ്റ്റംബർ മാസം ലഭ്യമായ തരക്കലരിയുടെ അളവ് അറിയിക്കുന്നതിനും, അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/16.11.23) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 52,224/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. വിതരണം ചെയ്തതിലും അധികമായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

2. സപ്ലൈകോ മാവേലി സ്റ്റോർ, ഏച്ചൂരിൽ നിന്നും 2022 ഡിസംബർ മാസം 500 കി.ഗ്രാം പൊന്നിയരി വാങ്ങിയിട്ടുണ്ട്. (ബിൽ നം. 1301112 തീയതി 02.12.2022). എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അരിയുടെ വിതരണ വിവരവും ലഭ്യമല്ല. ആയതിനാൽ അരിക്കായി അനുവദിച്ച 22,500/- രൂപ (500*45) തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 കേരളോത്സവം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹53833 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ<br>മുണ്ടേരി ഹയർ സെക്കണ്ടറി സ്കൂൾ |
| പദ്ധതിയുടെ പേര് | കേരളോത്സവം |
| പ്രൊജക്റ്റ് നം | 197/23 |
| അടങ്കൽ | ₹1,00,000 – തനത് ഫണ്ട് |
| ചെലവ് | ₹46783 – ബിൽ നം. 183/04.01.23<br>₹7050 – ബിൽ നം. 339/18.03.23<br>ആകെ - ₹53833 |

പദ്ധതിയുടെ ഭാഗമായി വിവിധ വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് ചുവടെ ചേർത്ത പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | തുക അനുവദിച്ച വ്യക്തി/ സ്ഥാപനം | അക്കൗണ്ട് നം. | തുക(₹) |
|---|---|---|---|
| 1 | അജിത്ത്കുമാർ ഇ കെ | 5959101004416 | 10840 |
| 2 | വിനീത് മുല്ലക്കണ്ടി കടമ്പേത്ത് | 5959101004512 | 9974 |
| 3 | വിനോദ് കെ | 5959101000857 | 5600 |
| 4 | പ്രീമിയം ഡിസ്ട്രിബ്യൂട്ടേർസ് & ഏജൻസീസ് | 361705010000365 | 20369 |
| 5 | ബാലൻ കെ | 67090822824 | 7050 |
| ആകെ | | | 53833 |

എന്നാൽ ഇതുമായി ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ചെലവ് സംബന്ധിച്ച അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പട്ടിക പ്രകാരമുള്ള തുകകൾ ഏത് ആവശ്യത്തിന് അനുവദിച്ചുവെന്നത് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ53,833/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ₹37,428 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>മുണ്ടേരി ഹയർ സെക്കണ്ടറി സ്കൂൾ |
| പദ്ധതിയുടെ പേര് | ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| പ്രൊജക്റ്റ് നം | 157/23 |
| അടങ്കൽ | ₹37,428/- വികസന ഫണ്ട് (എസ് സി പി) |
| ചെലവ് | ₹37,428 ബിൽ നമ്പർ : 360/24.03.2023 |

മേൽ പദ്ധതിയുടെ ഭാഗമായി MGM സിൽവർ ജൂബിലി പോളിടെക്നിക് കോളേജ്, വിളയാങ്കോട് എന്ന സ്ഥാപനത്തിലെ മൂന്നാം വർഷ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീ. സൂരാഗ് കെ എന്നവർക്ക് HP Notebook 240 G8 DOS/UBUNTU ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകളുണ്ട്.

1. സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന SC വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നത്. എന്നാൽ MGM സിൽവർ ജൂബിലി പോളിടെക്നിക് കോളേജ്, വിളയാങ്കോട് എന്ന സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

2. 18.03.2019 ലെ സർക്കുലർ നം. ഐ.ടി.സെൽ-126/2019/വി.സ.വ എന്ന ഐ.ടി. വകുപ്പിന്റെ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, വിവിധ കമ്മീഷനുകളും, യൂണിവേഴ്സിറ്റികൾക്കുമുള്ള ലാപ്പ് ടോപ്പുകൾ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമെ വാങ്ങുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. Www.cprcs.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമാവുന്ന ലാപ്പ് ടോപ്പുകൾ മററ് രീതികൾ മുഖേന വാങ്ങുവാൻ പാടുള്ളതല്ല എന്നും മേൽ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ സെർവൈറ്റ് സിസ്റ്റം എന്ന സ്ഥാപനത്തിൽ

നിന്നാണ് പദ്ധതിയുടെ ഭാഗമായി ലാപ്ടോപ്പ് വാങ്ങിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്നും മേൽ പർച്ചേസ് നടത്തിയിരിക്കുന്നത് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണോ എന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട പർച്ചേസ് കമ്മറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി ഗുണഭോക്താവിനെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

4. ലാപ്ടോപ്പ് സ്റ്റോക്കിൽ എടുത്തത് വിതരണം ചെയ്തതിന്റെയോ ഗുണഭോക്താവ് ലാപ്ടോപ്പ് കൈപ്പറ്റിയതോ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. പദ്ധതി ഗുണഭോക്താവിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലാപ്ടോപ്പ് നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് നൽകേണ്ട ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ (സർക്കാർ ഉത്തരവ് (കൈ)നം 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022) അനുബന്ധം 4 ൽ നൽകിയിട്ടുണ്ട്. എന്നാൽ പർച്ചേസ് ചെയ്ത ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ ഇതു തന്നെയാണോ എന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ ₹37,428 തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 സാന്ത്വന പരിചരണ പരിപാടി -ഉപകരണങ്ങൾ ലഭ്യമായിട്ടില്ല - ₹40,210 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി മുണ്ടേരി |
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണ പരിപാടി |
| പ്രൊജക്റ്റ് നം | 4/23 |
| അടങ്കൽ | വികസനഫണ്ട് (പൊതു വിഭാഗം) - ₹3,50,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ₹1,50,000<br>ജില്ലാ പഞ്ചായത്ത് വിഹിതം - ₹1,50,000<br>ആകെ - ₹6,50,000 |
| ചെലവ് | ബിൽ നം 102 തീയതി 01.10.2022<br>₹2,10,038 [വികസന ഫണ്ട് (പൊതുവിഭാഗം)]<br>ബിൽ നം 116 തീയതി 19.10.2022<br>₹39,482 [വികസന ഫണ്ട് (പൊതുവിഭാഗം)]<br>ബിൽ നം 131 തീയതി 02.11.2022<br>₹40,296 [വികസന ഫണ്ട് (പൊതുവിഭാഗം)]<br>ബിൽ നം 161 തീയതി 02.12.2022 |

| | |
|---|---|
| | ₹40,662 [വികസന ഫണ്ട് (പൊതുവിഭാഗം)]<br>ബിൽ നം 262 തീയതി 22.02.2023<br>₹19,520 [വികസന ഫണ്ട് (പൊതുവിഭാഗം)]<br>BRN.22190152017401225708 തീയതി 22.02.2023<br>₹1,13,091 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>BRN.22190152017401225715 തീയതി 22.02.2023<br>₹36,750 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>BRN.22190152017401512665 തീയതി 28.03.2023<br>₹45,070 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ - ₹5,44,909 |

പഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, മറ്റ് ചെലവുകൾ, പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/15.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. BRN.22190152017401225708 തീയതി 22.02.2023 പ്രകാരം പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 90,661/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രൊഫോമ ഇൻവോയ്സിൽ (നം. PRF 3750 Dated 19.01.23) പരാമർശിച്ച മുഴുവൻ ഉപകരണങ്ങളും ലഭ്യമായിട്ടില്ല. 50,451/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 40,210/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ലഭ്യമാക്കാനുള്ള ഉപകരണങ്ങൾ ചുവടെ ചേർത്തവയാണ്.
1. Back Rest (24” L X 20”w) MSPC – 3 Nos.
2. URI Cond Medium – 100 Nos.
3. Lancet (On Call, A (On Accuvet) – 1000 Nos.
4. Wheel Chair Folding – 5 Nos.

2. സർക്കാർ ഉത്തരവ് (സാധാ)നമ്പർ 553/2019/ത.സ്വ.ഭ.വ തീയതി 07.03.2019 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചതാണ്. മാർഗ്ഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം മോണിറ്ററിംഗിനായി ആരോഗ്യ വർക്കിംഗ് ഗ്രൂപ്പിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
ഉപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ₹40,210 തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഉപകരണങ്ങൾ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി (ഇൻവോയ്സ് സഹിതം) വിശദാംശങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. - ₹67911 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി മുണ്ടേരി |
| പദ്ധതിയുടെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| പ്രൊജക്ട് നം | 9/23 |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) - ₹1,00,000 |
| ചെലവ് | ബിൽ നം. 261 തീയതി 22.02.2023 ₹99,981 |

ബിൽ നം. 261 തീയതി 22.02.2023 പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും

വാങ്ങുന്നതിനായി 99,981 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രൊഫോമ ഇൻവോയ്സിൽ (നം. PRF4139 Dated 02.02.2023) പരാമർശിച്ച മുഴുവൻ ഉപകരണങ്ങളും ലഭ്യമായിട്ടില്ല. 32,070/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയുടെ (₹67911) ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ലഭ്യമാക്കാനുള്ള ഉപകരണങ്ങൾ ചുവടെ ചേർത്തവയാണ്.

1. Ascoril LS Syrup – 100 Nos.
2. Cilnidipine 10 Mg Tab – 10000 Nos.
3. Pioglit 15 Mg Tab – 8020 Nos.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/15.11.2023) മറുപടിയായി ഉപകരണങ്ങൾ ലഭിക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡുമായി കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപാകതയുടെ അടിസ്ഥാനത്തിൽ ₹67911 തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഇൻവോയിസ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 മുറ്റത്തൊരു മീൻതോട്ടം - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല.₹80,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്<br>മുണ്ടേരി ഗ്രാമ പഞ്ചായത്ത് |
| പദ്ധതിയുടെ പേര് | മുറ്റത്തൊരു മീൻതോട്ടം |
| പ്രൊജക്ട് നം | 146/23 |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) - ₹32,000<br>മറ്റുള്ളവ - ₹48,000<br>ആകെ - ₹80,000 |
| ചെലവ് | ബിൽ നം. 218 തീയതി 01.02.2023 ₹16,000<br>ബിൽ നം. 227 തീയതി 06.02.2023 ₹8,000<br>ബിൽ നം. 334 തീയതി 17.03.2023 ₹8,000<br>ഗുണഭോക്താവ് നേരിട്ട് - ₹48,000<br>ആകെ - ₹80,000 |

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പോളിത്തീൻ ഷീറ്റ്, അനുബന്ധ സാമഗ്രികൾ എന്നിവ ഉപയോഗിച്ച് ബണ്ട് ഉൾപ്പെടെയുള്ള കുളം നിർമ്മിച്ച് മത്സ്യ കൃഷി ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പുവരുത്തുക, സ്വന്തമായി കുളങ്ങളില്ലാത്ത മത്സ്യകൃഷിയോട് താത്പര്യമുള്ള കുടുംബശ്രീ അയൽക്കൂട്ടം, സ്വയംസഹായ സംഘം, കർഷകർ എന്നിവരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. ടാർപ്പോളിൻ ഷീറ്റ്, വാട്ടർപമ്പ്, വെഞ്ചുറി പമ്പ്, മറ്റ് അത്യാവശ്യ ഉപകരണങ്ങൾ എന്നിവ വാങ്ങി ഉപയോഗപ്പെടുത്തി പരുവപ്പെടുത്തിയ കുളത്തിൽ 1.25 മീ. ഉയരത്തിൽ ശുദ്ധജലം നിറച്ച് ഫിഷറീസ് വകുപ്പിൽ നിന്നും ഈ പദ്ധതിക്കായി സൗജന്യമായി ലഭ്യമാക്കുന്ന മീൻകുഞ്ഞുങ്ങളെ യഥാവിധി നിക്ഷേപിച്ച് പരിപാലിച്ച് വളർത്തി വിളവെടുത്ത് ലഭിക്കുന്ന പോഷക സമ്പുഷ്ടമായതും വിഷരഹിതവുമായ മത്സ്യം ഭക്ഷ്യാവശ്യത്തിന് ഉപയുക്തമാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ തൻവർഷം 4 ഗുണഭോക്താക്കൾക്ക് സബ്സിഡിയായി 8,000/- രൂപ വീതം ആകെ 32,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി.28.05.22 ഖണ്ഡിക 13 A(4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാധ്യത പഞ്ചായത്ത് പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. ധനസഹായം ലഭിച്ച 4 ഗുണഭോക്താക്കൾക്കും കുളം നിർമ്മാണത്തിന് അർഹമായ മുഴുവൻ തുകയും ധനസഹായം ആയി അനുവദിച്ചിട്ടുണ്ട്.

2. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി. 28.05.22 ഖണ്ഡിക 13 A(7) പ്രകാരം മത്സ്യ

കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ ഇപ്രകാരം മത്സ്യ കൃഷി ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3. പദ്ധതി പൂർത്തീകരണ ശേഷം ഗുണഭോക്താക്കളുടെ സ്ഥലം നേരിട്ട് പരിശോധന നടത്തി പദ്ധതി പൂർത്തീകരണ റിപ്പോർട്ട് / പദ്ധതി നിർവ്വഹണം സാധൂകരിക്കുന്ന രേഖ ലഭ്യമാക്കിയിട്ടില്ല.

4. ഗുണഭോക്താക്കൾ മേൽ പ്രോജക്ടിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും മത്സ്യകുഞ്ഞുങ്ങളെ ലഭ്യമായിട്ടുള്ളത് സംബന്ധിച്ച വിവരങ്ങളോ/രേഖകളോ ഫയലിൽ ലഭ്യമല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/16.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹80,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 വയോജനങ്ങൾക്ക് കട്ടിൽ വിതരണം- രേഖകൾ ലഭ്യമാക്കിയില്ല- 16,592/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 151/23 വയോജനങ്ങൾക്ക് കട്ടിൽ വിതരണം (SO) |
| അടങ്കൽ | ₹347611 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹321149 (ബിൽ നമ്പർ 2, തീയതി 03.08.22) |

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി ടെണ്ടർ നടപടിക്രമത്തിലൂടെ ഏഷ്യൻ ട്രേഡിംഗ്സ്, നാറാത്ത് എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് 4,148/- രൂപ നിരക്കിൽ 131 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. കട്ടിലുകളുടെ വിലയായ 5,43,388/- രൂപയിൽ 2,22,239/- രൂപ 2021-22 വർഷം നൽകിയിട്ടുണ്ട്. ബാക്കി തുകയായ 3,21,149/- രൂപ മേൽ പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7.1.13.2 പ്രകാരം 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ അനുവദിക്കാവുന്നതാണ്. കട്ടിൽ ലഭിച്ച ശ്രീമതി സുധ എൻ. വി (വാർഡ് നം. 11) എന്ന ഗുണഭോക്താവിന്റെ ജനനവർഷം 1962 ആണ്. 2021-22 വർഷം ടിയാരിക്ക് 60 വയസ്സ് പൂർത്തിയാകുന്നില്ല. ശ്രീമതി സുഹറ (വാർഡ് നം.4) എന്ന ഗുണഭോക്താവിന്റെ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വയസ്സ് 54ഉം ആണ്. മേൽ ഗുണഭോക്താക്കൾക്ക് കട്ടിൽ അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

2. 19 ാം വാർഡിലുള്ള കട്ടിൽ ലഭിച്ച അന്താനത്ത് കുഞ്ഞിപ്പാത്തു, ഖദീജ പി പി എന്നിവർ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ടി വ്യക്തികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും 60 വയസ്സ് കഴിയാത്തവർക്ക് കട്ടിൽ അനുവദിച്ചത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/16.11.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ മേൽ പരാമർശിച്ച 4 ഗുണഭോക്താക്കൾക്ക് അനുവദിച്ച കട്ടിലിന്റെ വിലയായ 16592 രൂപ (4*4148) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 സർക്കാർ നിർദ്ദേശം പാലിക്കാതെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് ഫണ്ട് ഉപയോഗിച്ച് വെള്ളക്കരം അടവാക്കി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - 4,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നം. & പേര് | 11/2023, ഗ്രാമ പഞ്ചായത്തിന്റെ വെള്ളക്കരം അടക്കൽ | |
| അടങ്കൽ - ₹565000 | ₹500000 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹65000 (തനത് ഫണ്ട്) | |
| ചെലവ് - ₹561812 | ₹500000 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹61812 (തനത് ഫണ്ട്) | |
| ബിൽ നം., തീയതി, തുക | 10/17.5.2022 | ₹46786 |

| | | |
|---|---|---|
| | 18/18.6.2022 | ₹46786 |
| | 51/20.7.2022 | ₹46786 |
| | 70/17.8.2022 | ₹46786 |
| | 89/13.9.2022 | ₹46786 |
| | 108/12.10.2022 | ₹46786 |
| | 139/11.11.2022 | ₹46786 |
| | 165/19.12.2022 | ₹46786 |
| | 191/11.1.2023 | ₹46786 |
| | 259/21.2.2023 | ₹70369 |
| | 288/14.3.2023 | ₹8557 |
| | 22200888/17.3.2023 | ₹61812 |
| | ആകെ | ₹561812 |

ഗ്രാമ പഞ്ചായത്തിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ജനവരി 2023 വരെ 97 ടാപ്പുകളുടേയും ഫെബ്രുവരി മുതൽ 58 ടാപ്പുകളുടേയും വെള്ളക്കരം അടവാക്കിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 27.12.2022ന് നടത്തിയ സംയുക്ത പരിശോധനയിൽ 96 ടാപ്പുകൾ ഉള്ളതിൽ 58 ടാപ്പുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (പരിശോധനാ റിപ്പോർട്ടിൽ ഈ പദ്ധതിയിൽ 96 ടാപ്പുകളാണുള്ളതെന്ന് കാണിച്ചിട്ടുണ്ടെങ്കിലും 97 ടാപ്പുകളുടെ കരം അടവാക്കുവാനാണ് ഡിമാന്റ് നോട്ടീസ് നൽകുന്നത്). ഏതു വർഷം മുതലാണ് 1 ടാപ്പിന് അധികമായി വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതെന്ന് കണ്ടെത്തി ജനവരി 2023 വരെ അടവാക്കിയ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സംയുക്ത പരിശോധനയ്ക്ക് ശേഷം ജനവരി മുതൽ 58 ടാപ്പുകളുടെ കരം ഡിമാന്റ് ചെയ്യുന്നതിന് പകരം 97 ടാപ്പുകളുടെ കരം അടവാക്കാൻ നോട്ടീസ് നൽകുകയും പ്രസ്തുത ടാപ്പുകളുടെ വെള്ളക്കരം അടവാക്കുകയും ചെയ്തിട്ടുണ്ട്.

97 ടാപ്പുകളുടെ കരം - 482.33X97= ₹46786

58 ടാപ്പുകളുടെ കരം - 482.33X58=₹27975

അധികം നൽകിയത് - ₹18811

2. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീയതി 19.4.2022 ഖ. 6.7(3)ൽ ധനകാര്യ കമ്മിഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കാവുന്ന പ്രോജക്ടുകളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത ഇനമായ തെരുവ് ടാപ്പുകളുടെ കുടിവെള്ളക്കരമിനത്തിൽ ₹475000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് -ടൈഡ് ഉപയോഗിച്ചാണ് ഒടുക്കിയത്. സർക്കാർ നിർദ്ദേശം പാലിക്കാതെ കുടിവെള്ളക്കരം ഒടുക്കി.

3. ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.37/16.11.2023 ന് 5.1.2023 ലെ ഡിമാന്റ് പ്രകാരം കുടിവെള്ള കരം അടവാക്കിയതിന് ശേഷമാണ് സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. അപ്രകാരമാണെങ്കിൽ ജനവരി മാസം അധികം അടവാക്കിയ തുക ഫെബ്രുവരി മാസത്തെ ബില്ലിൽ ക്രമീകരിക്കേണ്ടതായിരുന്നു. എന്നാൽ ഫെബ്രുവരി മാസത്തെ ഡിമാന്റ് (ഫെബ്രുവരി മാസം മുതൽ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ട്). പ്രകാരമുള്ള തുക അടവാക്കുകയാണ് ചെയ്തത്. നാളിതുവരെ അധികം അടവാക്കിയ ₹18811 ക്രമീകരിക്കാത്തതിനാൽ പ്രസ്തുത തുക അടുത്ത ബില്ലിൽ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീയതി 19.4.2022 ഉത്തരവിൽ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളക്കരം അടവാക്കുന്നതിന് തടസ്സമുള്ളതായി പരാമർശിച്ചിട്ടില്ലെന്നും ടി പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 6.7(3)b പ്രകാരം കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ളക്കൊയ്ത്ത്,ജലത്തിന്റെ പുന:ചംക്രമണം എന്നീ പ്രവൃത്തികളാണ് ചെയ്യാവുന്നതെന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസരണമുള്ള പദ്ധതികൾ മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വഴി ചെലവ് ചെയ്ത 4,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ളക്കരം ഒടുക്കുന്നതിന് തടസ്സമില്ല എന്ന സർക്കാർ ഉത്തരവ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 വാഹന വാടകഅനുവദിക്കൽ-ആദായ നികുതി കുറവുചെയ്തില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | S0214/22,47/23 അസി.എഞ്ചിനീയർക്ക് ഫീൽഡ് പരിശോധനയ്ക്ക് വണ്ടി വാടകയ്ക്കെടുക്കൽ |
| അടങ്കൽ തുക, ഫണ്ടിനം | 2,12,000/- തനത് ഫണ്ട് |
| ചെലവ് തുക | 2,12,000/- രൂപ (സുലേഖ പ്രകാരം) |
| കരാറുകാരന്റെ പേര് | ശ്രീ.കനകേഷ് .സി |

മേൽ പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഫീൽഡ് പരിശോധനയ്ക്ക് വേണ്ടി ശ്രീ.കനകേഷ്.സി എന്നവരുടെ വാഹനം വാടകയ്ക്ക് എടുക്കുകയും 2022-23 വർഷം ഈയിനത്തിൽ ആകെ 2,12,000/- രൂപ (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) വാടക ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് ഒറ്റ ബില്ലിൽ ₹30000 കവിയുകയോ സാമ്പത്തിക വർഷത്തെ മുഴുവൻ ബില്ലിൽ നിന്നും 1 ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. തുക ഈടാക്കി ഒടുക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.15/14.11.2023) മറുപടിയിൽ ഇൻകം ടാക്സ് ഇനത്തിൽ ലഭിക്കാനുള്ള തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 മരാമത്തു പ്രവൃത്തി-പിഴ ഈടാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്/നമ്പർ | ഹോമിയോ ഡിസ്പെൻസറി കെട്ടിട വിപുലീകരണം-അനുബന്ധ പ്രവർത്തനങ്ങൾ, 250/22, 52/23 |
| അടങ്കൽ | ₹6,46,000 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് ) |
| ചെലവ് | ₹78192/- (2021-22 വർഷം)<br>₹373779/- (2022-23 വർഷം) |
| തുക/ബിൽ നമ്പർ/ തീയതി | ₹78192/- 365/29.03.2022<br>₹373779/- 155/26.11.2022 |
| കരാറുകാരന്റെ പേര് | ശ്രീ.രാമകൃഷ്ണൻ കെ |
| ആകെ പ്രവൃത്തി മൂല്യം /PAC | ₹510230.59 |

| | |
|---|---|
| എഗ്രിമന്റ് നം./തീയതി | AE/LSGD/MDR/66/21-22/05.03.2022 |
| പ്രവൃത്തി പൂർത്തിയാക്കാൻ അനുവദിച്ച സമയം | 4 മാസം |

ഹോമിയോ ഡിസ്പെൻസറി കെട്ടിട വിപുലീകരണത്തിനായുള്ള മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിനായി 05.03.2022ൽ എഗ്രിമെന്റ് വയ്ക്കുകയും05.03.2022 തന്നെ സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. കരാർ പ്രകാരം നാല്പ മാസത്തിനകം (05.03.2022 മുതൽ 4 മാസം) പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്ന് 29.10.2022നാണ് പ്രവൃത്തി പൂർത്തീകരിച്ചതായി കണ്ടത്. പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിരുന്നുവോ എന്നറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.45/17.11.2023) മറുപടിയിൽ പിഴ ഈടാക്കാൻ വിട്ടുപോയതാണെന്നും ആയത് ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പിഴ തുക അടവാക്കിയാൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2022-23 | 08-11-2023 & 09-11-2023 | കെ.എസ്.എ./കെ.എൻ.ആർ./സ.6/ 1741/2023 തീയതി: 12.12.2023. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പ്രോജക്ട് നമ്പർ & പേര് | വിനിയോഗിച്ച തുക (₹) | നീക്കിയിരിപ്പ് |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 305639 | 228/23, നെൽകൃഷി കൂലി ചെലവ് | 305639 | 0 |
| | 149841 | 4/23, പാലിയേറ്റീവ് പരിചരണ പദ്ധതി | 149841 | 0 |

| | | | | |
|---|---|---|---|---|
| | 254490 | 21/23, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 254490 | 0 |
| | 130000 | 160/23, ക്ഷീര കർഷകർക്ക് പാലുല്പാദനത്തിന് ധനസഹായം | 130000 | |
| ആകെ | 839970 | | 839970 | 0 |
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 950000 | 78/23, ഞങ്ങളും പാടത്തേക്ക് - സമഗ്ര നെൽകൃഷി വികസന പദ്ധതി | 950000 | 0 |
| | 45070 | 4/23, പാലിയേറ്റീവ് പരിചരണ പദ്ധതി | 45070 | 0 |
| | 303471 | 117/23, ലൈഫ് ഭവന നിർമ്മാണം - എസ് സി | 303471 | 0 |
| | 763470 | 21/23, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 763470 | 0 |
| | 280000 | 160/23, ക്ഷീര കർഷകർക്ക് പാലുല്പാദനത്തിന് ധനസഹായം | 280000 | 0 |
| ആകെ | 2342011 | | 2342011 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം., തീയതി, തുക | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജില്ലാ ഭൂജല വകുപ്പ്, കണ്ണൂർ | 20/23, വാർഡ് നാലിൽ പൊതു കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ - ഭൂജല വകുപ്പിന് ഡെപ്പോസിറ്റ് | 22200644/ 28.12.2022 ₹63000 | ₹63000 | 0 | ₹63000 |
| കെ എസ് ഇ ബി | 12/2023, നിലവിലുള്ള | 273/28.2.2023 ₹668753 | ₹1920812 | 0 | ₹1920812 |

| | | | | | |
|---|---|---|---|---|---|
| | ഇലക്ട്രിക് പോസ്റ്റുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 311/16.3.2023 ₹1161898 312/16.3.2023 ₹90161 | | | |
| കെ എസ് ഇ ബി | 227/2023, വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 272/28.2.2023 ₹1541157 309/16.3.2023 ₹482480 | ₹2023637 | 0 | ₹2023637 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1700 |
| തൻ വർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1700 |
| തൻ വർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1700 |

അഞ്ചരക്കണ്ടി ഫാർമേഴ്സ് സഹകരണ ബാങ്കിൽ ഗ്യാസ് കണക്ഷൻ ആവശ്യാർത്ഥം ഡെപ്പോസിറ്റ് ചെയ്ത തുക.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 1-12(ബി) | 1,440 | മേന്മ ഫുഡ് പ്രോഡക്ട്സ് | 1220103061/ 20.09.22 |
| 2018-19 | 1-12(ബി) | 1,440 | ശ്രീമതി.സഫീറ.കെ | 1220103062/ 20.09.22 |
| 2018-19 | 1-12(ബി) | 1,800 | ശ്രീ.ചക്കരക്കൊട്ടുമ്മൽ രാജീവൻ | 1220103063/ 20.09.22 |
| 2018-19 | 1-12(ബി) | 1,800 | ശ്രീമതി.തിരുമംഗലത്ത് ഷൈനി | 1220103064/ 20.09.22 |
| 2018-19 | 1-12(ബി) | 1,800 | ശ്രീ.ശ്രീജിത്ത് എൻ, ശ്രീ.ജഗദീഷ് കെവി | 1220103065/ 20.09.22 |
| 2019-20 | 1-19(ക്രമ നമ്പർ1) | 10,503 | ശ്രീ.ഷംസുദ്ദീൻഎംപി | 1220106908/ 20.01.23 |
| 2019-20 | 1-19(ക്രമ നമ്പർ2) | 5,281 | ശ്രീ.സുധാകരൻ കൊടിക്കണ്ടി ഗ്രൂപ്പ് | 1220102511/ 23.08.22 |

| | | | | |
|---|---|---|---|---|
| 2019-20 | 1-19(ക്രമ നമ്പർ3) | 4,409 | ശ്രീ.വിനോദൻ പി | 1220102471/ 22.08.22 |
| 2019-20 | 1-19(ക്രമ നമ്പർ4) | 4,594 | ശ്രീ.വിനോദൻ പി | 1220102472/ 22.08.22 |
| 2020-21 | 1-20 | 1,865 | ശ്രീ.ജോയ് എംഎം | 1220101959/ 15.07.22 |
| 2020-21 | 1-21 | 728 | ശ്രീ.രമേശൻ ഡി | 1220106944/ 20.01.23 |
| ആകെ | | 35,660 | | |

ഓഡിറ്റിന് ഹാജരാക്കിയ ലഡ്ജർ,മുകളിൽ പരാമർശിച്ച രശീതികൾ,ഓഡിറ്റ് റിപ്പോർട്ടുകൾ (2019-20, 2020-21, 2021-22 വർഷങ്ങളിലെ) എന്നിവ പരിശോധിച്ചാണ് മുകളിൽ ചേർത്ത തുകകളുടെ കൃത്യത ഉറപ്പു വരുത്തിയിരിക്കുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (RP 10 Other Income) 11,231/- രൂപ മാത്രമാണ് ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.16/22-23/14.11.23) മറുപടിയിൽ ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 1998 | 2-III-2 | അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ അതീതമായി മരാമത്ത് പണിക്ക് ചെലവാക്കി 5017/- രൂപ | -- |
| 2014-15 | 2-2 | 2016-17 | ഖണ്ഡിക-2 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ്ജ്/ സർചാർജ്ജ് സർട്ടി ഫിക്കറ്റ് നമ്പറും തീയതിയും | തുക (₹) | ഈടാ ക്കിയ തുക(₹) | അവശേ ഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|
| 1998-99 | 36, 37 | വി.പി തങ്കപ്പൻ സ്പെഷൽ ഗ്രേഡ് സെക്രട്ടറി | LF-2152/Spl – Cell/SC4/03, 21.02.2003 | 2045, 50000 | ഈടാക്കി യിട്ടില്ല | 2045, 50000 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(₹) | : | 63699822 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(₹) | : | 53811232 |
| വരവിനങ്ങളിലുള്ള നഷ്ടം(₹) | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹) | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | : | 5116235 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 163088 | ഡോ.വീണ പി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-22 | 100000 | ശ്രീമതി.സോന എം.കെ,<br>ഐസിഡിഎസ് സൂപ്പർവൈസർ |
| 1-25 | 63000 | ശ്രീ.രാജൻ കെ, സെക്രട്ടറി |
| 1-26 | 2023637 | ശ്രീ.രാജൻ കെ, സെക്രട്ടറി |
| 1-27 | 1920812 | ശ്രീ.രാജൻ കെ, സെക്രട്ടറി |
| 1-29 | 74724 | ശ്രീമതി.സോന എം.കെ,<br>ഐസിഡിഎസ് സൂപ്പർവൈസർ |
| 1-30 | 53833 | ശ്രീ.ഹരീന്ദ്രൻ കൊയിലോടൻ, ഹെഡ്മാസ്റ്റർ |
| 1-31 | 37428 | ശ്രീ.ഹരീന്ദ്രൻ കൊയിലോടൻ, ഹെഡ്മാസ്റ്റർ |
| 1-32 | 40210 | ഡോ.മീന രാഘവൻ, മെഡിക്കൽ ഓഫീസർ |
| 1-33 | 67911 | ഡോ.മീന രാഘവൻ, മെഡിക്കൽ ഓഫീസർ |
| 1-34 | 80000 | ശ്രീ.ടി.ആർ. രാജേഷ്,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-35 | 16592 | ശ്രീമതി.സോന എം.കെ,<br>ഐസിഡിഎസ് സൂപ്പർവൈസർ |
| 1-36 | 475000 | ശ്രീ.രാജൻ കെ, സെക്രട്ടറി |
| ആകെ തുക | 5116235 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മീന രാഘവൻ, മെഡിക്കൽ ഓഫീസർ | അസിസ്റ്റന്റ് സർജ്ജൻ, പിഎച്ച്സി, എളയാവൂർ | അഞ്ജലി, താണ, കണ്ണൂർ |
| ഡോ.വീണ പി, മെഡിക്കൽ ഓഫീസർ (ആയുർവേദം) | ജിഎഡി, ഇരിട്ടി | ധ്വനി, ഇല്ലൻമൂല, മട്ടന്നൂർ |
| ശ്രീമതി.സോന എം.കെ, | ഐസിഡിഎസ് സൂപ്പർ വൈസർ | പാർവണ, കോട്ടം, മുണ്ടല്ലൂർ.പിഒ |

| | | |
|---|---|---|
| ഐസിഡിഎസ് സൂപ്പർ വൈസർ | | |
| ശ്രീ.ഹരീന്ദ്രൻ കൊയിലോടൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ചാവശ്ശേരിസ്കൂൾ | ഹരിതം, പിഒ തില്ലങ്കേരി |
| ശ്രീ.ടി.ആർ. രാജേഷ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്, ഫിഷറീസ് സ്റ്റേഷൻ, പൊന്നാനി. | ഫ്ലാറ്റ് നം.IA , ഗാലക്സി അപ്പാർട്ട്മെന്റ്, കോഴിക്കോട് – 673001 |
| ശ്രീമതി.മഹിജ കെ, അസിസ്റ്റന്റ് സെക്രട്ടറി | സർവീസിൽ നിന്ന വിരമിച്ചു | കയറ്റുകണ്ടി ഹൗസ്, താണ, പി.ഒ.ചൊവ്വ കണ്ണൂർ |
| ശ്രീ.രാജൻ കെ, സെക്രട്ടറി | സെക്രട്ടറി, മുണ്ടേരി ഗ്രാമപഞ്ചായത്ത് | ആഷാഡം, കുറ്റ്യാട്ടൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി6/1350/22 തീ.10-10-22 | 2 |
| 2004-05 (പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ/സി6/1350/22 തീ.10-10-22 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി6/ 1350/22 തീ.10-10-22 | 1 |
| 2010-11 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി6/1350/22 തീ.10-10-22 | 1 |
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ.ആർ/സി6/1350/22 തീ.10-10-22 | 3 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി6/1350/22 തീ.10-10-22 | 4 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി6/1350/22 തീ.10-10-22 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി6/1350/22 തീ.10-10-22 | 3 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി6/1350/22 തീ.10-10-22 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി6/1350/22 തീ.10-10-22 | 10 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി6/1048/ 2021 തീ.28.01.2022 | 11 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി6/326/22 തീ.12-4-22 | 34 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി6/46/23 തീ.25-3 -23 | 35 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 138/2023 dated 04-07-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Munderi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Munderi Grama Panchayat for the year 2022-2023

Date: 12/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Munderi Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. Mandatory financial statements prescribed in Accounting Rules are not submitted.
2. Cashflow statement - Net increase/ decrease in cashflow does not match with the differences between opening balance and closing balance of cash and cash quivalents.
3. Demand, collection and Balance of Property Tax in Sanchaya is not match with Annual Financial Statement.
4. Rent from building â demand and collection is not match with each other.
5. Deposit works â details are not entered in B-18 schedule of Balance Sheet.
6. The details of assets created during the current year which is entered in B-3 Schedule is not known.

7. VAT collected in previous year is not remitted yet.
8. The value of office vehicle calculated is not correct.
9. Updated Asset register is not submitted for verification.
10. Tender form register is not submitted for verification.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

### 1. RECEIPT & PAYMENT STATEMENT

Munderi Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 38121790.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1287650.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 1402225.00 |
| 150000000 | Sale & Hire Charges | RP-5 | 421427.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 18536000.00 |
| 171000000 | Interest Earned | RP-9 | 1213876.00 |
| 190000000 | Prior Period Income | RP-11 | 29349.00 |
| 251000000 | Decentralised Plan Programme - Service Sector | RP-17 | 0.0 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 1800.00 |
| 311000000 | Earmarked Funds | RP-28 | 63986.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16894411.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 22941437.00 |
| 460000000 | Loans, Advances and Deposits | RP-49 | 1500.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 29231.00 |
| 340000000 | Deposits Received | RP-33 | 48853.00 |
| 350000000 | Other Liabilities | RP-35 | 825077.00 |
| | Grand total | | 101821612.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 4400.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 33334.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 18293995.00 |
| 460000000 | Loans, Advances and Deposits | RP-49 | 94159.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 57449.00 |
| 350000000 | Other Liabilities | RP-35 | 35327895.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 48010380.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 101821612.00 |

2. INCOME & EXPENDITURE STATEMEN T

Munderi Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 7705358.00 |
| 120000000 | Assigned Revenues, Shared Taxes and | I-2 | 0.0 |

| | | | |
|---|---|---|---|
| | Compensations (BLOCKED) | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 77562.00 |
| 140000000 | Fee & User Charges | I-4 | 1779429.00 |
| 150000000 | Sale & Hire Charges | I-5 | 421627.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 176848982.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1213876.00 |
| 180000000 | Other Income | I-9 | 29231.00 |
| 190000000 | Prior Period Income | I-19 | 67782.00 |
| | Total Income | | 188076065.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12642977.00 |
| 220000000 | Administrative Expenses | I-11 | 991467.00 |
| 230000000 | Operations & Maintenance | I-12 | 1449667.00 |
| 240000000 | Interest & Finance Charges | I-13 | 3595.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7212803.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33457162.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6728459.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 34543930.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 75860000.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 963520.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 3972.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 15111939.00 |
| | Total Expenditure | | 188969491.00 |
| | Gross Surplus / Deficit of income over Expenditure | | -893426.00 |
| | Gross Surplus / Deficit of income over Expenditure | | -934938.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 26270.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 41512.00 |

3. BALANCE SHEET

Munderi Grama Panchayat BALANCE SHEET
As on 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 72814647.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 99823.00 |
| 312000000 | Reserves | B-3 | 60081086.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 132995556.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11895380.00 |
| | Total Grants, Contributions for Specific Purposes | | 11895380.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 897653.00 |
| 341000000 | Deposits Works | B-8 | 11324.00 |
| 350000000 | Other Liabilities | B-9 | 3299974.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 4208951.00 |
| | TOTAL LIABILITIES | | 149099887.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 253043.00 |
| 412000000 | Capital Work in Progress | B-11(b) | 1261975.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 515449.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 21651457.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 122941060.00 |

| | | | |
|---|---|---|---|
| 416000000 | Accumulated Depreciation | B-11(a) | -66229795.00 |
| | Total Fixed Assets | | 80393189.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1700.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 1700.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 18325582.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 48010380.00 |
| 460000000 | Loans, Advances and Deposits | B-18 | 2369036.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 68704998.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 149099887.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ